# ദൈവവിളിയും

# ജീവിതദൗത്യവും

62.16
HI

by
ജെ. ചിറയിൽ M. A.

# ദൈവവിളിയും

# ജീവിതദൗത്യവും

by

ജെ. ചിറയിൽ M. A.

ACHARYA PALACKAL JEEVAS... RAM
LIBRARY
15779

[MALAYALAM]

# Deivaviliyum Jeevithadauthiyavum

(A book of study)

*First Impression: October 1972*

*Printed by:*
THE B. L. M. PRESS,
ALOOR.

Price: Ps. 50

*Copy right to publishers.*

*Published by:*
Retreat Preachers' Association
Better Life Centre,
Aloor - Kallettumkara.
S. India.

M/26216
CH1

# ദൈവവിളിയും ജീവിതദൗത്യവും

# ഉള്ളടക്കം

I എന്നിലെ ഞാൻ

II ദൈവവിളി ഒരപഗ്രഥനം

III വ്യക്തിയുടെ ജീവിതദൗത്യം

IV ഉപസംഹാരം

# ഉപോദ്ഘാതം

വ്യക്തിയെ സംബന്ധിച്ച് ജീവിതം ഒരു സ്വപ്നമല്ല, മറിച്ച് കർത്തവ്യനിർവ്വഹണമാണ്. ആ കർത്തവ്യത്തെക്കുറിച്ച് ഓരോ വ്യക്തിക്കും ബോധ്യവുമുണ്ടായിരിക്കണം. "എന്നെ സ്നേഹിക്കുന്നവർക്കുവേണ്ടിയും എന്നെ സത്യത്തിൽ അറിയുന്നവർക്കുവേണ്ടിയും ഞാൻ ജീവിക്കുന്നു; എന്റെ ആത്മാവിനെ സ്വീകരിക്കാൻ കാത്തിരിക്കുകയും എന്റെ മുകളിൽ പുഞ്ചിരിക്കയും ചെയ്യുന്ന സ്വർഗ്ഗത്തിനുവേണ്ടി ഞാൻ ജീവിക്കുന്നു: തടയപ്പെടേണ്ട ചില തിന്മകൾക്കും, സഹായം ലഭിക്കാത്ത ചില സംരംഭങ്ങൾക്കുംവേണ്ടി ഞാൻ ജീവിക്കുന്നു. വിദൂരസ്ഥിതമായ ഭാവിക്കും എനിക്കു ചെയ്വാൻ കഴിയുന്ന നന്മയ്ക്കുംവേണ്ടി ഞാൻ ജീവിക്കുന്നു" എന്ന് G. L. ബാങ്ക്സ് (Banks) പറഞ്ഞപ്പോൾ ആ കവിയ്ക്ക് ഒരു ജീവിതദൗത്യമുണ്ടായിരുന്നു. അയാൾക്ക്, ചെയ്യാൻ കഴിയുന്ന നന്മയ്ക്കുവേണ്ടിയാണ് അയാൾ വിളിക്കപ്പെട്ടതെന്നും, അതു തന്നെയാണ് തന്റെ ജീവിതോദ്ദേശ്യമെന്ന ബോധമുണ്ടായിരുന്നു.

എല്ലാ വ്യക്തികളെ സംബന്ധിച്ചും ആ 'വിളിയും' 'ജീവിതോദ്ദേശ്യവും' പ്രകടമാണ്. ഓരോ മനുഷ്യനും, തന്റെ വ്യക്തിത്വത്തിൽ, സൃഷ്ടിയ്ക്കുവേണ്ടിയുള്ള ഒരു അനന്തദാഹമുണ്ട്. ചരിത്രത്തിൻെറ ഏതെങ്കിലും വശം തിരുത്തിയെഴുതാനും പുനഃനിർമ്മാണവിധേയമാക്കാനും അവൻ ആഗ്രഹിയ്ക്കുന്നു. ആരുടേയും അനുകരണമല്ല അവന്റെ ലക്ഷ്യം. ചെയ്യിട്ടില്ലാത്തതും എന്നാൽ ചെയ്യുതീർക്കേണ്ടതുമായ എന്തോ ഉണ്ടെന്നുള്ള മങ്ങിയ ഒരു ചിന്ത, അതു ചെയ്യേണ്ടതു താനാണെന്നുള്ള കലങ്ങിയ ഒരു ബോധ്യം, ഇതെല്ലാം ബുദ്ധിജീവിയായ മനുഷ്യനെ ചഞ്ചലചിത്തനാക്കുവാൻ പോരുന്നവയാണ്.

ഇപ്രകാരം, ജീവിതത്തിന്റെ നാൽക്കവലയിൽ, സ്വയം മനസ്സിലാക്കാതെ, എങ്ങോട്ടു തിരിയണമെന്നറിയാതെ, എന്തുചെയ്യണമെന്ന വിവരമില്ലാതെ, നില്ക്കുന്നവർക്ക് ഒരു വിരൽ ചൂണ്ടിമാത്രമാണീഗ്രന്ഥം. ഓരോ വ്യക്തിയുടേയും വ്യക്തിത്വവും, ആഹ്വാനവും, ദൗത്യവും, കണ്ടുപിടിക്കുന്നതിനുള്ള ഒരു സഹായ ഹസ്തം

മാത്രമാണീ അദ്ധ്യായങ്ങൾ. ലക്ഷ്യമില്ലാതെ ഓടിയ, ദൗത്യമി ല്ലാതെ ജീവിച്ച, ചില വ്യക്തികളുടെയെങ്കിലും ജീവിതം പുനഃപരിശോധനാവിധേയമാകുവാൻ ഇതു് ഒരു പ്രേരണ നല്കിയേക്കാം. ജീവിതാഹ്വാനം ശരിക്കു മനസ്സിലാക്കാൻ ചെറുപ്പക്കാരെ സഹായിക്കയും, ആഹ്വാനം അനുസരിക്കാൻ അവരെ പ്രേരിപ്പിക്കയും ചെയ്‌വാൻ ഇതിനു കഴിഞ്ഞെന്നുവരാം. സത്യസന്ധമായ അന്വേഷണത്തിലൂടെ, ധീരമായ പ്രയാണത്തിലൂടെ, എന്തും നേരിടാനുള്ള സന്നദ്ധതയോടേ, ഓരോ സന്യാസിക്കും വൈദികനും അത്മായനും അവന്റെ ജീവിതദൗത്യം സാക്ഷാത്കരിക്കാൻ ഈ ചെറുഗ്രന്ഥം ഉപയോഗപ്പെടണം.

ഈ ആഗ്രഹങ്ങളെല്ലാം സാക്ഷാത്ക്കരിക്കാൻ ഉതകുന്നതോ, അത്രത്തോളം ഈടുററതോ അല്ല ഇതിലേ പ്രതിപാദന രീതി. അതു ബോധ്യവുമാണു്. എങ്കിലും ചിലതെങ്കിലും നിറവേററാൻ ഒരു ചെറിയ സഹായമായി തീർന്നാൽ അതു സംതൃപ്തിജനകംതന്നെ. ഇതു് ഒരു പഠനഗ്രന്ഥമായതിനാൽ സാങ്കേതിക പദങ്ങളും, ശാസ്ത്രീയ പ്രതിപാദനരീതിയും കടന്നുകൂടിയിട്ടുണ്ടു്. അതു് വായനക്കാർ ക്ഷമിക്കണമെന്നപേക്ഷ.

ജെ. ചിറയിൽ.

# ദൈവവിളിയും ജീവിതദൗത്യവും

## I

## എന്നിലെ ഞാൻ

കാർഷീക, വ്യാവസായികവിപ്ലവങ്ങളുടെയും രണ്ടാം ലോകമഹായുദ്ധത്തിൻെറയും ഫലമായി മനുഷ്യസമുദായത്തിൽ വളരെയധികം പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടു്. മനഃശാസ്ത്രവും, സാമൂഹ്യശാസ്ത്രവും, നരവംശശാസ്ത്രവും മനുഷ്യനെന്ന പ്രതിഭാസത്തെ പല, ദർശനപഥങ്ങളിലൂടെയും മനസ്സിലാക്കാൻ പരിശ്രമിച്ചു. രാഷ്ട്രീയം ആധുനികമനുഷ്യനെ സംബന്ധിച്ചു് ജീവശ്വാസം പോലെ ആവശ്യമായിതീൻ ഇവയുടെയെല്ലാം ഫലമായി വ്യക്തിയുടെ ജീവിതത്തിലും, സാമൂഹ്യബന്ധങ്ങളിലും, സാമ്പത്തിക പരിതസ്ഥിതികളിലും, മനുഷ്യൻ അത്രതന്നെ ആഗ്രഹിക്കാത്ത പ്രതികരണങ്ങളും, പ്രതിഭാസങ്ങളും സർവ്വത്ര ദൃശ്യമായി.

### കഴിഞ്ഞകാലങ്ങൾ

ഇന്നലത്തെ മനുഷ്യൻ ജീവിച്ചിരുന്നതു് ഒരു പ്രത്യേക പരിതസ്ഥിതിയിലായിരുന്നല്ലോ. ഒരു വ്യവസ്ഥിതി മനുഷ്യജീവിയ

ടെമേൽ അടിച്ചേല്പിക്കപ്പെട്ടിരുന്നു; ഒരുവൻെറ പ്രവൎത്തനരീതി, ജീവിതരീതി, ജോലിക്രമങ്ങൾ, എല്ലാം അന്നത്തെ വ്യവസ്ഥിതി മുൻകൂട്ടി നിശ്ചയിച്ചിരുന്നു. ചലനരഹിതമായ വ്യവസ്ഥിതിയുടെ നടുമുററത്തു പിറന്നുവീണ, തളയ്ക്കപ്പെട്ട മനുഷ്യൻ, ഇങ്ങനേ ജീവിക്കാവൂ, പ്രവൎത്തിക്കാവൂ എന്നു് വ്യവസ്ഥിതി നിബന്ധന കഠംവച്ചു. ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ആ താരിപ്പിൽ ജീവിച്ചേ പററൂ. വ്യവസ്ഥിതി മാററിയെഴുതുവാൻ, വൎത്തനരീതിയും ജീവിതശൈലിയും പുതുക്കിപ്പണിയുവാൻ, വ്യവസ്ഥിതിയുടെ വിധാതാക്കഠം സമ്മതിച്ചിരുന്നില്ല. കാരണം, അവരുടെ ജീവിതത്തിൻെറതന്നെ ഭാഗമായി മാറി വ്യവസ്ഥിതി. പൊളിച്ചെഴുത്തും, പുനഃപ്രതിഷ്ഠയും, ബുദ്ധിമുട്ടും കായക്ലേശവും ഉളവാക്കും. ഈ മാററം സ്വാഭാവികമായും ജീവിതത്തെ പ്രതിസന്ധിയിൽകൊണ്ടെത്തിക്കയും ചെയ്യും.

## വൎത്തമാന പരിതസ്ഥിതി

പരിവൎത്തനത്തിൻെറ ഈ യുഗത്തിൽ, അഷ്ടബന്ധമിട്ടു് ഉറപ്പിച്ചിരുന്ന ഇളകാത്ത ആ വ്യവസ്ഥിതി ആടി ഉലഞ്ഞു. പുരോഗതിയുടെ ഒഴുക്കിൽ വ്യവസ്ഥിതിതന്നെ കടലിൽ പതിച്ചു. പക്ഷെ, പുത്തൻ വ്യവസ്ഥിതിക്കു് ഉറപ്പില്ലാതെ പോയി.

കാലഹരണപ്പെട്ട വ്യവസ്ഥിതിയെ കാററിൽ പറപ്പിച്ച ആധുനിക മനുഷ്യനു് സ്ഥായിയായ ഒരു വൎത്തമാനവ്യവസ്ഥിതി പടുത്തുയൎത്താൻ സാധിക്കുന്നില്ല. കാരണം, പുരോഗമനത്തിൻെറ കുത്തിയൊലിപ്പിൽ വ്യവസ്ഥിതികഠം വന്നും പോയും ഇരിക്കുന്നു. അചാഞ്ചല്യവും നിതാന്തനിഷ്ഠിതവുമായ ഒന്നിനോടു പൊരുത്തപ്പെട്ട മാനവസമുദായത്തിനു്, ചപലവും ചലിതവും ചഞ്ചലിതവുമായ വ്യവസ്ഥിതിയോടു് അനുരൂപ (adjust) പ്പെടുവാൻ സാധിക്കാതെയായി. തത്ഫലമായി, കാലഹരണപ്പെട്ട വ്യവസ്ഥിതിയുടെ സ്തുതിപാഠകർ പൊയ്പ്പോയ വസന്തങ്ങളെ ഓൎത്തു കരഞ്ഞുകൊണ്ടു് കാലം കഴിക്കുന്നു. ഏതെങ്കിലും വിധത്തിൽ പുതിയ വ്യവസ്ഥിതിയോടു് യോജിച്ചു പോകുവാനുള്ള ശ്രമത്തേ

ക്കാറം കൂടുതൽ ഈ ഒഴുക്ക് ഉണ്ടാകാതിരുന്നുവെങ്കിൽ എന്നു് അവർ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

ഈ ചലനത്തിനും, അനിശ്ചിത (unstable) പ്രയാണത്തിനും ആശീർവ്വാദവും അംഗീകാരവും നല്കിയവർ ലക്ഷ്യം കാണാതെ കുഴയുകയത്രേ. വർത്തമാന വ്യവസ്ഥിതിയുടെ വേഗതയേറിയ ഓട്ടത്തിൽ, വസ്തുതകറം സൂക്ഷ്മമായി കാണുവാൻ വെമ്പുന്ന തങ്ങളുടെ ദൃഷ്ടികളെ ക്രമീകരിക്കാൻ അവക്ക സാധിക്കുന്നില്ല. യാഥാർത്ഥ്യങ്ങളും വസ്തുതകളും അവരുടെ ദൃഷ്ടിപഥത്തിൽനിന്നും ഓടിമറയുകയാണു്. ഇന്നത്തെ വ്യവസ്ഥിതിയുടെ കർത്താക്കറംക്കും, അവരെ അവരാക്കിയ പുരോഗതിക്കം ഈ അപകടകരമായ വേഗത്തിനു് ബ്രേക്കു ചവിട്ടുവാൻ കെല്പില്ലാതെയായി. തീർത്തും പരിപക്വവും (mature), അചാഞ്ചല്യവു (stable) മായ ഒരു വ്യക്തിത്വം കരുപ്പിടിപ്പിച്ച് ഇന്നത്തെ പറക്കുന്ന വ്യവസ്ഥിതിയോടു് കണ്ണടച്ചു തുറക്കുമ്പോറം മാറിമറയുന്ന വ്യവസ്ഥിതിയോടു്, ഇണങ്ങിച്ചേർന്നു പോകാൻ അവനു സാധിക്കുന്നില്ല. അവൻെറ ബുദ്ധിയിൽ വല്ലാത്ത ഒരു അന്ധകാരവും കലക്കവും (Confusion) സ്ഥാനമുറപ്പിച്ചിട്ടുണ്ടു്. അങ്ങിനെ ഇന്നത്തെ വ്യവസ്ഥിതിയും അതിൻെറ സ്രഷ്ടാവായ ആധുനികമനുഷ്യനും അപകടമേഖലയിലൂടെത്തന്നെയാണു് പ്രയാണം തുടരുന്നതു്.

മതത്തിൻെറ കാര്യത്തിലും ഈ വൃത്തിയാനം ചില പ്രതിഭാസങ്ങറം അഴിച്ചുവിട്ടിട്ടുണ്ടു്. മതത്തിൻെറ ഉടയാടയായി പണ്ടു് ഉണ്ടായിരുന്ന ചില കൺകെട്ടുവിദ്യകളും, ചെപ്പടിപ്പണികളും, അർത്ഥശൂന്യമായ ആചാരാനുഷ്ഠാനങ്ങളും, മേൽക്കുരയോടെ അവൻ പൊളിച്ചെറിഞ്ഞു. മതത്തിൻെറ വേഷവിധാനങ്ങളിലും വാദ്യമേളങ്ങളിലും കണ്ണുനട്ടു് മിഴിച്ചുനിന്ന മനുഷ്യനു് ഇന്നു് പരിസരബോധമുണ്ടായി. പൊള്ളയും പൊച്ചും പരിത്യജിച്ചു് വിമർശനബുദ്ധിയോടെ അവൻ കാതൽ തേടിപ്പുറപ്പെട്ടു. എന്നാൽ പൊളിച്ചെറിഞ്ഞവ നഷ്ടപ്പെട്ടപ്പോറം, അവനന്വേഷിച്ച കാതൽ കണ്ടെത്തിയുമില്ല വർത്തമാനവ്യവസ്ഥിതിയുടെ പുക മറയ്ക്കുള്ളിൽ

കാഴ്ചയററ അവൻ ജീവശ്വാസത്തിൻവേണ്ടി പിടയുകയാണ്. "സാന്ത്വനപ്രകാശമേ എന്നെ നയിച്ചാലും" എന്ന വിനയാന്വിതമനസ്ഥിതി ശാസ്ത്രത്തിൻെറ മനുഷ്യനിൽ കുറവുമത്രേ.

ഇന്നത്തെ ഈ പരിതസ്ഥിതിയിൽനിന്നും മനുഷ്യന് മോചനം വേണമെങ്കിൽ ദൈവംതന്നെ ഈ വ്യവസ്ഥിതിയിലേയ്ക്കു കടന്നുവരണം. അന്ധകാരപ്പരപ്പിൽ തപ്പിത്തടയുന്ന അവനെ കൈ മാടി വിളിക്കണം. അവൻ വിളികേട്ടാൽ, തന്നെ അനുധാവനം ചെയ്താൽ, ലക്ഷ്യമേതെന്നു മനസ്സിലാക്കിയാൽ, ജീവിതം സംതൃപ്തമാകും.

## ജീവനു മാക്ററില്ല

ഇന്നത്തെ മനുഷ്യന് ജീവിതത്തോടുതന്നെ ഒരു വിരസതയാണ്. ജീവന് അവൻ വലിയ വില കല്പിക്കുന്നില്ല. ദൈവംപോലും വിലമതിക്കുന്ന, ദൈവത്തോളംതന്നെ വിലയുള്ള, മനുഷ്യജീവന് മനുഷ്യൻ ഇന്നു കല്പിക്കുന്ന വില വളരെ നിസ്സാരമത്രേ, അതുകൊണ്ടാണ് മനുഷ്യജീവനെ അമ്മാനമാടുന്നതിൽ മനുഷ്യർ ഇന്നു് എല്ലാക്കാലത്തേക്കാളും മുൻപന്തിയിൽ നിലയുറപ്പിച്ചിരിക്കുന്നതു്.

ഇന്നലെവരെ മനുഷ്യജീവന് വലിയ വിലയുണ്ടായിരുന്നു. "ഞാൻ ജീവൻെറ ഒരു കവിൾ (draught) വാങ്ങി. ഒരു സമ്പൂർണ്ണ അസ്തിത്വം തന്നെയായിരുന്നു അതിൻെറ കമ്പോളവില" എന്നു് എമിലി ഡിക്കിൻസൺ പറയുകയുണ്ടായി. ഈ ഒരു കവിൾ ജീവിതം ധന്യമായിത്തീരുന്നതു് അതു ജീവിക്കുന്ന വ്യക്തിയെ ആശ്രയിച്ചാണല്ലോ. എന്നാൽ സ്ഥാപന നിബദ്ധമായ ഒരു വ്യവസ്ഥിതിയിൽ,വ്യക്തിത്വത്തിനോ,വ്യക്തിതാല്പര്യങ്ങൾക്കോ സംരക്ഷണമോ, വിലയോ, നല്കാത്ത ഒരു പരിതസ്ഥിതിയിൽ മനുഷ്യജീവന് വില കല്പിക്കുവാൻ സാധിക്കുന്നില്ല. വ്യക്തിത്വത്തിനു് വില കല്പിക്കാത്ത ഈ ചിന്താഗതിയാണ് മനുഷ്യസഹസ്രങ്ങളെ കുരുതികഴിക്കുന്നതിനും, വ്യക്തികളെ തേജോവധം

ചെയ്തു നശിപ്പിക്കുന്നതിനും, സ്ഥാപിതതാല്പര്യങ്ങൾക്കും, പാർട്ടി നിലനില്പിനും, സ്വജനപോഷണത്തിനുമായി ഇതര വ്യക്തികളെ കറിവേപ്പിലപോലെ തുത്തെറിയുന്നതിനും, ചിലരെ പ്രേരിപ്പിക്കുന്നതു്. ഇതെല്ലാം 'നീ കൊലചെയ്യരുതെ'ന്ന അഞ്ചാംപ്രമാണത്തിൽ അന്തഃസ്ഥിതമായിട്ടുള്ള വിലക്കുകളാണു്.

## സഭയുടെ നാലുകെട്ടിൽ

ഈ വികൃതചൈതന്യത്തിൻെറ പെററമ്മ മക്കിയവേല്ലിയൻ തത്വസംഹിതയും, ധാത്രി കമ്മ്യൂണിസവുമത്രേ. എന്നാൽ കത്തോലിക്കാസഭയുടെ മണിമുററത്തു് ഈ ചൈതന്യം ഇന്നു് ആത്തുവളരുന്നുണ്ടു്. കമ്മ്യൂണിസത്തെ എന്തുമാത്രം സഭ വെറുത്തുവോ അത്രയധികമായി ഈ ചൈതന്യം സഭാതലത്തിൽ വേരുറച്ചു കഴിഞ്ഞു. ഇതു് ക്രിസ്തുവിനോടുതന്നെയുള്ള ഒരു വെല്ലുവിളിയാണു്. എന്തിനേക്കാളും വ്യക്തിത്വത്തിനും വ്യക്തിക്കും പ്രാധാന്യം കല്പിച്ചതു് ക്രിസ്തുവും, അങ്ങയുടെ സഭയുമായിരുന്നു. സുവിശേഷം മുഴുവൻ ഇതിനു സാക്ഷിയാണു്.

വ്യക്തിത്വത്തിനു വില കല്പിക്കാത്ത ഒരു വ്യവസ്ഥിതി സഭയ്ക്കു പുറത്തും സഭയ്ക്കകത്തും ഉണ്ടാകരുതു്. ഏതായാലും, വ്യക്തിത്വത്തെ മാനിക്കാത്ത ഈ വ്യവസ്ഥിതി ആധുനിക മനുഷ്യനിൽ ഒരു അപകർഷതാബോധം (inferiority complex) ഉളവാക്കിയിട്ടുണ്ടു്. സ്വന്തം കഴിവുകളെയും കഴിവുകേടുകളെയും സംബന്ധിച്ചു് ഒരു വിലയിടാൻ അവൻ അശക്തനായിത്തീർന്നു. സ്വയം വിലമതിക്കാൻ കെല്പില്ലാത്ത അയാൾ തൻഭാവ (identity) തകർച്ചയുടെ (crisis) അടിവാരത്തിലേയ്ക്കു് മറിഞ്ഞുവീഴുന്നു. തകർന്നുവീഴുന്ന അവൻ അവനുതന്നെ ഒരു ഭാരവും സമുദായത്തിനു് അപകടകാരിയും വ്യവസ്ഥിതിയോടുള്ള ഒരു വിരൽ ചൂണ്ടിയുമായി മാറി. ഇപ്രകാരം തകർന്ന വ്യക്തിത്വത്തിൻെറ കുപ്പിച്ചില്ലുകൾ കൊണ്ടുകയറി സമുദായഗാത്രം മുറിവേല്ക്കുകയും വിഷമയമായിത്തീരുകയും ചെയ്തു.

## എന്നിലെ 'ഞാൻ'

അനന്യത അഥവാ തൻഭാവം (identity) എന്നാൽ ഞാൻ ഞാനായിരിക്കുന്ന, മററാരാളാകാതിരിക്കുന്ന, അവസ്ഥയാണ്. സാങ്കേതികമായിപ്പറഞ്ഞാൽ, പൂർണ്ണിമ (wholeness) യുടെയും സഞ്ചയനത്തിൻെറയും (integration) ബോധ്യത്തിലും, ശരിയും തെററും വ്യവച്ഛേദിക്കുന്നതിലും, തെരഞ്ഞെടുക്കുന്നതിലുമുള്ള കഴിവിലുമാണ് തൻഭാവം അടങ്ങിയിരിക്കുന്നത്. സംശ്ലേഷിതമായ ആത്മാവബോധ (coherent sense of self) മാണ് തൻഭാവം. (1)

അസ്ഥിരത (instability) നിസ്സാരത (insignificance) ആത്മവിദ്വേഷം (self-hatred) ഇവ മനുഷ്യവ്യക്തിത്വത്തിൻെറ ജന്മശത്രുക്കളാണ്. ഈ പ്രതിഭാസങ്ങൾ തൻഭാവരൂപീകരണ (identity formation) ത്തെ അസാധ്യമാക്കിത്തീർക്കുകയും ചെയ്യും. ഈ രൂപീകരണം ലഭിക്കാത്തവർക്ക് 1) സ്വന്തം കഴിവിനെയും കഴിവുകേടിനെയുംകുറിച്ച് വസ്തുനിഷ്ഠമായ ഒരു ബോധ്യം ഉണ്ടാകയില്ല. അതിനാൽ സ്വയം ഒരു തീരുമാനം എടുക്കുന്നതിനുള്ള കഴിവ് ഇവർക്ക് ഇല്ലതന്നെ. മാതാപിതാക്കൾ, അദ്ധ്യാപകർ, അധികാരികൾ ഇവരായിരിക്കും ഇവർക്കുവേണ്ടി അപ്പപ്പോൾ തീരുമാനം എടുക്കുക. വിവേകത്തിൻെറ കണികപോലും ഇവരുടെ പ്രവർത്തനങ്ങളിൽ കാണുകയില്ല. മാനസികമായ വലിയ ഒരു അസ്വാസ്ഥതയിലായിരിക്കും ഇക്കൂട്ടർ. ചിലപ്പോൾ ചിന്താരഹിതമായി വികാരാവേശരായി പ്രവർത്തിച്ചുവെന്നും വരാം. 2) തെററായ പരിപൂർണ്ണതാവാദം (perfectionism) ഇവരുടെ ഉടപ്പിറപ്പായിരിക്കും. ഇവർ മനക്കോട്ടകെട്ടുന്ന പരിപൂർണ്ണതയും വിജയവും കഴിവിന് അതീതമാണെന്ന ഭയത്താൽ പല പരിശ്രമങ്ങളിൽനിന്നും ഇവർ മാറിക്കളയും. പരിക്ലിപ്തിയും, അപൂർണ്ണതയും അംഗീകരിക്കുവാൻ ആത്മവിദ്വേഷം സമ്മതിക്കയില്ല.

---

(1) Allen Wheelis. The Quest for identity P. 19

3) ഈ വ്യക്തികളുടെ വ്യക്തിത്വത്തിൽ മാററം വന്നുകൊണ്ടിരിക്കും (shifting of personality). വ്യക്തിത്വമെന്നു പറയുന്നതു് മററുള്ളവർ പറയുന്ന സംഗതികളുടെ ഒരു ക്രമ്പാരം മാത്രമായിത്തീരുന്നു. സ്വന്തമായി അതിലൊന്നുമില്ല. മററുള്ളവർ ഇയാളോടാവശ്യപ്പെടുന്നതും, ഇയാളേക്കുറിച്ചു ചിന്തിക്കുന്നതും ഒക്കെയാണു് ഇവൻെറ പ്രവൎത്തനത്തിൻെറ മാനദണ്ഡം. ഇക്കൂട്ടർ സ്വന്തം കഴിവുകൾ നിരസിക്കുന്ന സ്വഭാവക്കാരാണു്. സ്വയം ഇവക്കുള്ള അപകൎഷതാബോധവും ഇവരെ ചുററിപ്പററിനില്ക്കുന്ന അഹന്തയും ഇതിനു് ഇന്ധനമേകും. മുകളിൽ പറഞ്ഞ ആത്മവിദ്വേഷത്തിൻെറയും അഹന്തയുടെയും ഈററില്ലം 'യഥാൎത്ഥത്തിലുള്ള ഞാനും' (real self) എൻെറ 'ആദൎശ ഞാനും' (ideal self) (2) തമ്മിലുള്ള സംഘട്ടനമാണു്. ഈ സംഘട്ടനഫലമായി യഥാൎത്ഥ എന്നെ പിടലിക്കു പിടിച്ചു പുറം തള്ളും. കാരണം, ഞാനായിരിക്കേണ്ട ആദൎശത്തിനൊത്തു് ഇപ്പോൾ ഞാൻ ഉയരുന്നില്ല; എനിക്കൊട്ടുയരാൻ സാധിക്കയുമില്ല. അപരാധബോധവും വ്യഗ്രതയും ആദൎശത്തിനൊത്തു ഉയരാനുള്ള സ്വന്ത കെല്പില്ലായ്മയിൽനിന്നും ഉതിൎത്തുയരുന്നു. ഒരുവൻ യഥാൎത്ഥത്തിൽ എന്തായിരിക്കുന്നുവോ അതിനേ വെറുക്കുകയോ മറക്കുകയോ ചെയ്യുന്നു. 4) ഇപ്രകാരമുള്ള ഒരു മനുഷ്യൻ തന്നെ ത്തന്നെയോ മററുള്ളവരെയൊ വിശ്വസിക്കയില്ല. അവനെക്കുറിച്ചുതന്നെ അവനൊരു മതിപ്പില്ല. മററുള്ളവക്കു് അങ്ങനെയുണ്ടെന്നൊരു വിചാരവുമില്ല. കഴിവതും മനുഷ്യസാഹചര്യങ്ങളിൽ നിന്നെല്ലാം അവൻ ഓടിയൊളിക്കും. എന്തിനെന്നോ? കഴിവതും മററുള്ളവരെ ആശ്രയിക്കാതിരിക്കാൻ. അല്ലെങ്കിൽ മററുള്ളവരെല്ലാം തന്നിൽ ആശ്രയിക്കുവാനും മാത്രം ശക്തി അവൻ സംഭരിക്കും. ഇതു രണ്ടും നിരൎത്ഥകമാണു്. ഇങ്ങനെയുള്ള ഒരുവനു് സ്നേഹിക്കാൻ സാധ്യമല്ല. കാരണം, അവൻ സ്നേഹ

(2) Karen Horney. Neurosis and Human Growth.

യോഗ്യനെന്നൊരു ബോധ്യമേ അവനില്ല. മാത്രമല്ല, എങ്ങിനെ അതു നേടിയെടുക്കണമെന്നും അവനറിവില്ല. (3)

## എന്നിലേ ബോധ്യം

അനന്യതാരൂപീകരണം നേടാത്ത ഓരോ വ്യക്തിയും മുൻപറഞ്ഞ എല്ലാ പ്രതിഭാസങ്ങളുടെയും ഉടമയാണെന്നു് ഇവിടെ വിവക്ഷയില്ല. ഇവയിൽ ഒന്നിൻെറയോ, പലതിൻെറയോ ഉടമയായിരിക്കും അവൻ. ചുരുക്കത്തിൽ, തൻഭാവത്തിലുള്ള തകർച്ച അവനെ ഒരു വികാരജീവിയും മാനസികരോഗിയുമാക്കിതീർക്കുന്നു. ഇപ്രകാരം, ക്രമനില തെററിയ മനുഷ്യനു് അവൻ എന്താണെന്നോ, അവൻെറ ലക്ഷ്യമെന്തെന്നോ അറിയുക സുസാധമല്ല. ലക്ഷ്യബോധമില്ലാത്ത വ്യക്തിയുടെ ജീവിതവും പ്രവർത്തനവും അർത്ഥപൂർണ്ണമായിരിക്കയുമില്ല.

മറെറാരു വാക്കിൽ, സാമാന്യ (normal) മനുഷ്യൻ, അവൻ എന്താണെന്നും അവൻ എന്തിനു വേണ്ടിയാണെന്നും തീർത്തും ബോധവാനായിരിക്കണം. ഈ ബോധ്യത്തിൻെറ അടിസ്ഥാനത്തിലേ ഒരുവൻെറ ജീവിതത്തിനു് ആഴവും പരപ്പും സംലബ്ധമാകൂ. അപ്പോൾ മാത്രമേ ദൈവവിളിക്കും ജീവിതദൗത്യത്തിനും മനുഷ്യജീവിതത്തിൽ സ്ഥാനം ലഭിക്കുകയുള്ളു.

ALACKAL JEEVASS KENDRAM
LIBRARY
15779

3) Andrew M. Greeley. The strangers in the House. P. 41-43.

II

# ദൈവവിളി, ഒരപഗ്രഥനം

## വിളിച്ചിട്ടു വന്നു

മനുഷ്യന്റെ ജീവിതം ഒരു കാത്തിരിപ്പല്ല, മറിച്ച് അന്വേഷണമാണ്. മുൻപു കണ്ടതുപോലെ അവനെക്കുറിച്ചും, അവന്റെ ലക്ഷ്യത്തെക്കുറിച്ചുമുള്ള അന്വേഷണം. ഈ അന്വേഷണം ആദ്യമായി അവനിൽതന്നെ ആരംഭിക്കുന്നു. അവൻ ആവശ്യപ്പെടാത്ത ഒരു സാഹചര്യത്തിൽ, സമയത്ത്, അവൻ ആവശ്യപ്പെടാതെതന്നെയാണ് മനുഷ്യൻ ജന്മം കൊള്ളുന്നതു്. മററാരുടേയോ തീരുമാനത്തിന്റെ മുകളിലാണ് അവന്റെ അസ്തിത്വം തന്നെ. അവനെ ആരോ വിളിച്ചിട്ട ലോകത്തിലേയ്ക്കു വന്നു. സ്വയം വന്നവനല്ല. ദൈവത്തിൽ വിശ്വസിക്കുന്ന ഏവനും ഈ വിളി ആരിൽനിന്നാണെന്നു് ആത്യന്തികമായി കാണുവാൻ സാധിക്കും. ദൈവമാണ് അവനെ വിളിച്ചതു്. ദൈവത്തിന്റെ വിളിയ്ക്കു് ദൈവവിളിയെന്നവൻ പേരിട്ടു

## ആദ്യത്തെ വിളി

ദൈവത്തിന്റെ വിളി എവിടെയാണ് സാക്ഷാൽ ആരംഭിക്കുന്നതു്? ലോകചരിത്രത്തിന്റെ ആരംഭത്തിൽ ദൈവം തന്റെ

വചനം കൊണ്ടു് ഇല്ലായ്മയുടെ അഗാധത്തിൽനിന്നും ലോകത്തെ അസ്തിത്വത്തിലേയ്ക്കു വിളിച്ചുവരുത്തി. 'പ്രകാശം ഉണ്ടാകട്ടെ' യെന്നു ദൈവം പറഞ്ഞു. പ്രകാശം ഉണ്ടായി. (Gen. 1. 3) സകല ചരാചരങ്ങളെയും ദൈവം തൻെറ വചനത്താൽ ഉള്ളായ്മയിലേയ്ക്കു വിളിച്ചുവരുത്തി. സൃഷ്ടികർമ്മംതന്നെ ഒരു ദൈവവിളി ആയിരുന്നു. ഇവയെ എല്ലാം ദൈവം തിരിച്ചുവിളിക്കും, ലോകാവസാനത്തിൽ. അതിന്നിടകൊണ്ടു് ചരാചരങ്ങളെയും സൃഷ്ടജാലങ്ങളെയുംകൊണ്ടു് ദൈവം ഉദ്ദേശിച്ച ദൗത്യം നിവർത്തിതമാക്കയും ചെയ്യും. ആരു് ആരേയെങ്കിലും വിളിക്കുന്നതു് ഒരുദ്ദേശത്തിനാണു്. ഈ ഉദ്ദേശമില്ലാതെ ആരും ആരേയും വിളിക്കുന്നില്ല.

## ജീവിതാഹ്വാനം

ദൈവവിളി എന്താണു്? അതിൻെറ രീതിയെന്തു്? ദൈവവിളി എത്രതരം ഉണ്ടു്? ഇതെല്ലാം നാം പഠിച്ചു മനസ്സിലാക്കണം. വളരെ വ്യാപകമായ അർത്ഥത്തിൽ, ദൈവത്തിൻെറ വിളിയെ ദൈവവിളിയെന്നു നമുക്കു പറയാം. ഈ അർത്ഥവിവക്ഷയിൽ, ആദ്യത്തെ ദൈവവിളി ഒരുവൻെറ ജനനംതന്നെയാണു്. ഇതിനു് ജീവിതാഹ്വാനം (Vocation to life) എന്നു പേരിടാം. ഓരോ വ്യക്തിയേയും ദൈവം ഇല്ലായ്മയിൽനിന്നും ഏതോ ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി വിളിച്ചുവരുത്തുന്നു. സർവ്വജീവജാലങ്ങൾക്കും, ഈ ലോകത്തിൽ ഉള്ളായ്മയുള്ള എല്ലാത്തിനും, ഈ ദൈവവിളി ലഭിച്ചിട്ടുണ്ടു്. ഇവിടെയും ദൈവമാണു തെരഞ്ഞെടുപ്പു നടത്തുന്നതു്. ചരാചരങ്ങളല്ല. കോടാനുകോടി സംഭവ്യത (Possibilities) കളുടെ ഇടയിൽനിന്നും ചിലതിനെ മാത്രം, പരിക്ലിപ്തമായ ഒരു സംഖ്യമാത്രം, ദൈവം തെരഞ്ഞെടുത്തു. ജീവൻ നൽകുവാൻ, ഉള്ളായ്മയുടെ ഉടയാട നൽകുവാൻ, പേരു ചൊല്ലി ദൈവം അവയെ വിളിച്ചുവരുത്തി. അങ്ങിനെ അവ അസ്തിത്വമാർന്നു.

## അനന്യാഹ്വാനം

ഈ ദൈവവിളിയുടെ അടിസ്ഥാനത്തിൽ മറെറാരു ദൈവവിളികൂടി, ഓരോ ജീവിയ്ക്കും, പ്രത്യേകം ഓരോ വ്യക്തിയ്ക്കും, ദൈവം നൽകുന്നുണ്ട്. ഇതിന് പ്രത്യേക ദൈവവിളി (Special vocation) എന്നു പറയുന്നു. ഈ ദൈവവിളിയ്ക്കു് ഏററവും ആവശ്യമായ ഒന്നാണ് അനന്യത, അഥവാ, തൻഭാവം (identity). ഞാൻ, ഞാൻ തന്നെയായിരിക്കുകയെന്നതാണ് ഈ ദൈവവിളിയുടെ കാതൽ അഥവാ ദൗത്യം. മറെറാരുവാക്കിൽ പറഞ്ഞാൽ, ഓരോ വ്യക്തിയുടെയും പ്രത്യേക ജീവിത ദൗത്യത്തിനുവേണ്ടിയുള്ള ആഹ്വാനമാണിതു്. ഈ പ്രത്യേക ദൗത്യത്തിനുവേണ്ടിയുള്ള അന്വേഷണവും അതിൻെറ പൂർത്തീകരണവുമാണ് ജീവിതലക്ഷ്യംകൊണ്ടു് ഉദ്ദേശിക്കുന്നതു്.

ഈ രണ്ടു ദൈവവിളികളും എല്ലാ സൃഷ്ടങ്ങൾക്കും ഉള്ളതത്രേ. സുബുദ്ധിയുള്ള മനുഷ്യനിൽ ഇതു് സമ്പൂർണ്ണമായും നിറവേറപ്പെടണം. ജാതിമതഭേദമെന്യേ എല്ലാമനുഷ്യരും ഈ രണ്ടു ദൈവികാഹ്വാനങ്ങൾക്കും പാത്രീഭൂതരാണ്.

## ക്രിസ്തീയാഹ്വാനം

ഇനിയുമൊരു ദൈവാഹ്വാനമുള്ളതു് ക്രിസ്തീയദൈവവിളി (xtian vocation) യാണു്. ഇന്നത്തെ പരിപാലനാവൃത്തത്തിൽ ഈ ദൈവാഹ്വാനത്തിന് വലിയ വിലയുണ്ടു്. ഇതിൻെറ കാതൽ ക്രിസ്തുവിനെ അനുഗമിക്കുകയെന്നതത്രേ. ക്രിസ്തുവിനെ അനുകരിക്കാൻ അവസരം ലഭിക്കുകയെന്നതു് ഒരു മനുഷ്യനെ സംബന്ധിച്ച് ഏററം വലിയ ഭാഗ്യമാണ്. ക്രിസ്തുവിൻെറ മഹത്വം മുഴുവൻ അവൻ അണിയുന്നുണ്ടു്. ഈ ദൈവവിളിയെ സംബന്ധിച്ച് വത്തിക്കാൻകൗൺസിൽ പറയുന്നതു് ഇപ്രകാരമാണ്: "ഞങ്ങളുടെ ഉന്നതമായ ഈ സ്ഥാനത്തിനു കാരണം തങ്ങളുടെ യോഗ്യതയല്ല, പ്രത്യുത ക്രിസ്തുവിൻെറ പ്രത്യേക വരപ്രസാദമാണെന്നുള്ള പരമാർത്ഥം സഭയുടെ സന്താനങ്ങൾ ശ

രിയായി അറിഞ്ഞിരിക്കണം'' (Church. 14). ''ദൈവീകവരങ്ങളുടെ ഉത്തമനായ കാര്യസ്ഥനെപ്പോലെ ഓരോരുത്തരും താന്താങ്ങൾക്ക ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന വരങ്ങൾ പരസ്പരം പങ്കുവച്ചനുഭവിക്കുന്നു'' (1 പത്രോസ് 4: 10) ഈ ക്രൈസ്തവജീവിതത്തിന്റെ ചൈതന്യം സംവഹിക്കുകയെന്നുള്ളതുതന്നെ; ജീവിതസാഫല്യമടയുവാൻ പര്യാപ്തമത്രേ. ആവിലായിലെ ത്രേസ്യയെ എപ്പോഴും ആനന്ദിപ്പിച്ചുകൊണ്ടിരുന്നതു് അവൾ തിരുസ്സഭയുടെ പുത്രി ആയിരുന്നുവെന്നുള്ളതാണ്. ''ക്രിസ്ത്യാനീ, നീ നിന്റെ മഹത്വം മനസ്സിലാക്കിയിരുന്നുവെങ്കിൽ'' എന്നു് ലയോ 13-ാമൻ പ്രഘോഷിക്കുന്നു.

ക്രിസ്തീയ ജീവിതം തീർത്തും ഒരു ദൈവവിളിയാണെന്നു് വി. പൗലോസ് അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു. 'ജാതികളിൽനിന്നും വിളിക്കപ്പെട്ടവർ' എന്നു് (Rom. 1: 1) റോമാക്കാരെ അദ്ദേഹം അഭിസംബോധനചെയ്യുന്നു. കൊറിന്ത്യർ 'മിശിഹായിൽ ശുദ്ധീകൃതരും വിളിക്കപ്പെട്ടവരു' (1. cor. 1: 2) മാണ്. ഗലാത്തിയാക്കാർ തന്റെ കൃപയാൽ വിളിക്കപ്പെട്ടവരാണ് (Gal. 1. 6). ഭൗതീകകാര്യങ്ങളിൽനിന്നും ഒഴിഞ്ഞുമാറുന്ന ക്രിസ്ത്യാനി സത്യത്തിൽനിന്നും ഒഴിഞ്ഞുമാറുന്നുവെന്നും, തങ്ങളുടെ ദൈവവിളിയാൽതന്നെ ഭൗമീകകടമകൾ നിവ്വഹിക്കാൻ അവർ ബാദ്ധ്യസ്ഥരാണെന്നും രണ്ടാം വത്തിക്കാൻ കൗൺസിലും പഠിപ്പിക്കുന്നു (Church Today. 43).

## ക്രിസ്തീയാഹ്വാനത്തിന്റെ കാതൽ

മനഃശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും വിരിമാറിലൂടെ നടന്നു കയറുന്ന മനുഷ്യന്, അവന്റെ വ്യതിരിക്തതയുടെ (individuality) നാരായവേരു് അവനു പുറത്തുകാണുവാൻ സാധിക്കുന്നു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ, തന്നെക്കുറിച്ചുള്ള വിശ്വാസം ദൈവവിശ്വാസത്തിലാണവൻ കാണുക. അവനിൽതന്നെ അവന്റെ അസ്തിത്വകാരണം (Cause existence)

കാണുവാൻ സാധിക്കാതെ നിലയുറപ്പിക്കുന്ന മനുഷ്യൻ ആദ്യം ദൈവത്തെ അംഗീകരിക്കേണ്ടി വരുന്നു. ഈ ദൈവത്തിൻെറ അസ്തിത്വത്തിൽ മാത്രമേ സ്വന്ത അസ്തിത്വത്തിനും (existence) വ്യതിരിക്തത (individuality) ക്കും അവന്ന് അർത്ഥം കാണുവാൻ സാധിക്കുന്നുള്ളു. ഈ വിശ്വാസത്തിൻെറ അഭാവത്തിൽ അവനിൽ സ്വാർത്ഥത (egoism) മാത്രമേ കാണപ്പെടൂ. ഈ വിശ്വാസത്തിൻെറ ദ്യുസരപ്രഭയിൽ, താൻ ദൈവപുത്രനാണെന്നും, മററുള്ളവർ എല്ലാം ഈ ദൈവപിതാവിൻെറ മക്കളാണെന്നും അതിനാൽ പരസ്പരം സഹോദരന്മാരാണെന്നും അവൻ കാണുന്നു. ദൈവത്തെയും സഹോദരങ്ങളെയും അംഗീകരിക്കുന്നതു കൊണ്ടുമാത്രമേ ആധുനികലോകത്തിൻെറ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യപ്പെടുകയുള്ളു. ഒരു ക്രിസ്ത്യാനിയുടെ അന്വേഷണംതന്നെ ഇവ്വിധം ആധുനിക പ്രതിഭാസങ്ങളുടെ അർത്ഥം കണ്ടുപിടിക്കുകയെന്നതാണ്. ദൈവത്തെയും സഹജീവികളേയും സ്നേഹിക്കുകയെന്നുള്ളതാണ് ക്രിസ്തീയ ദൈവവിളിയുടെ അർത്ഥമെന്ന് അവൻ മനസ്സിലാക്കുന്നു. പലരും ഈ ദൈവികാഹ്വാനം മനസ്സിലാക്കിയിട്ടില്ല; മററു ചിലർ വികലമായേ മനസ്സിലാക്കുന്നുള്ളു.

നാം ഇവിടെ പറയുന്ന സ്നേഹം സാർവ്വലൗകികമാണ്. ഇതിൻെറ സമ്പൂർത്തി (plenitude) ക്രിസ്തുവിലാണ് ചരിത്രം ദർശിക്കുന്നതു്. ദൈവസ്നേഹത്തിൻെറയും മനുഷ്യസ്നേഹത്തിൻെറയും പരിപൂർത്തി അങ്ങിൽ വ്യക്തിത്വമാർന്നിരിക്കുകയാണ്. ഇന്നത്തെ ക്രിസ്ത്യാനികൾ ക്രിസ്തീയതയിൽ ജനിച്ചവരാണ്. സ്വാതന്ത്ര്യം ഉപയോഗിച്ച് ഈ വിളി തിരഞ്ഞെടുത്തവരല്ല. വളരെ ചുരുക്കം ചിലർ മാത്രമേ ഈ വിളി സ്വതന്ത്രമായി തെരഞ്ഞെടുത്തവരുള്ളു. പക്ഷേ, സ്നേഹമാണ് അതിൻെറ സമ്പൂർത്തിയാണ് അവരുടെ ദൈവവിളിയുടെ കാതലെന്ന് അവർ സ്വതന്ത്രമായ അന്വേഷണത്തിലൂടെ കണ്ടെത്തണം. *

* ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നു. ഞാൻ ക്രിസ്ത്യാനിയായി ജനിച്ചതു് എൻെറ മിടുക്കുകൊണ്ടല്ല. മററാളുകൾ ഹിന്ദുവും, മുസൽമാനും, പാർസിയും, യൂദനും ഒക്കെആയതു് അവരുടെ കുററവുമല്ല. അവർ

ക്രിസ്തീയജീവിതം അനുഭൂതിയായിത്തീരുകയും അതു് പ്രാവർത്തികമാക്കി പ്രദർശിപ്പിക്കുകയും ചെയ്യുന്ന പല പ്രതലങ്ങളുണ്ടു്. ഈ അനുഭൂതിയ്ക്കു് പല പടവികൾ (grades) ഉണ്ടു്. എല്ലാവർക്കും ഒരേ വിധത്തിലുള്ള അനുഭൂതിയല്ല ഉണ്ടാകുക. അളവിലും വ്യത്യാസമുണ്ടാകും. ഓരോ വ്യക്തിയേയും ദൈവം പ്രചോദിപ്പിക്കുന്നതനുസരിച്ചും, ഓരോവ്യക്തിയും സ്വതന്ത്രമായി ഈ പ്രചോദനത്തെ കൈക്കൊള്ളുന്നതനുസരിച്ചും, ഓരോരുത്തന്റെയും കഴിവനുസരിച്ചും ഈ അനുഭൂതി ആവിഷ്കരിക്കുവാനുള്ള വൃത്തികൾ

---

അതതുമതങ്ങളിൽ ജനിച്ചതു് ദൈവതിരുമനസ്സുതന്നെയാണു്. അവർക്കു് ക്രിസ്തീയ ദൈവവിളിയുണ്ടു്. ക്രിസ്തീയ ദൈവവിളിയുടെ കാതൽ ദൈവസ്നേഹവും മനുഷ്യസ്നേഹവുമാണെങ്കിൽ അതു ജീവിക്കുന്നവരെല്ലാം ക്രിസ്തീയ ദൈവവിളി സ്വീകരിച്ചിട്ടുള്ളവരത്രെ. തങ്ങളുടെ മനസ്സാക്ഷിക്കനുസരിച്ചു് കാതലായഭാഗം ജീവിക്കുകയും, സാർവ്വലൗകീകത വിശേഷണമായി സ്വീകരിച്ചിരിക്കുന്ന ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും സമ്പൂർണ്ണത കണ്ടെത്തുവാൻ അവരുടെ കഴിവിന്റെ പരമാവധി ശ്രമിക്കയും ചെയ്യുമ്പോൾ അവരെല്ലാം ക്രിസ്തീയ ദൈവാഹ്വാനം സ്വീകരിച്ചിട്ടുള്ളവരാണു്. അവർ ആത്മാർത്ഥമായി ക്രിസ്തുവിനെ അന്വേഷിക്കുന്നവരാണു്. അതിനാൽ ക്രിസ്തീയാഹ്വാനത്തിന്റെ പരിധിയിൽ നിന്നു് അക്രൈസ്തവരെ മാററിനിർത്തണമെന്നു് ഈ ലേഖകൻ വിചാരിക്കുന്നില്ല. അക്രൈസ്തവരിലും സന്യാസമുണ്ടു്, പൌരോഹിത്യമുണ്ടു്, അത്മായത്വമുണ്ടു്. അവരും വിശാലമായ അർത്ഥത്തിൽ ദൈവജനമാണു്, തീർത്ഥാടന സഭയുടെ വിവിധഭാഗങ്ങളാണു്. ദൈവം എല്ലാവരെയും സൃഷ്ടിച്ചു, ക്രിസ്തു എല്ലാവരെയും, പ്രപഞ്ചം മുഴുവനെയും രക്ഷിച്ചു: ഇതു വാസ്തവമെങ്കിൽ, എല്ലാവരും, ജാതിമതഭേദമെന്യേ, ദൈവത്തിലും മനുഷ്യരിലും വിശ്വസിക്കുന്ന എല്ലാമതവിഭാഗങ്ങളും, ദൈവത്തെയും മതത്തെയും സ്നേഹിക്കുന്ന എല്ലാ മാനവസമൂഹങ്ങളും. ക്രിസ്തുവിനെ തേടിയുള്ള പ്രയാണത്തിലാണു്, ദൈവത്താൽ വിളിക്കപ്പെട്ടവരാണു്. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും സമ്പൂർത്തിയെ എത്തിപ്പിടിക്കുവാൻ, മനസ്സിലാക്കാൻ, മനസ്സിലാക്കിയാൽ അതിനെ ആശ്ലേഷിക്കുവാൻ അവർ തയ്യാറാകണം എന്നു മാത്രം. ക്രിസ്ത്യാനികളായ നമുക്കു് ആ സമ്പൂർത്തി-ക്രിസ്തു-യെ ദാനമായി ലഭിച്ചു. മററുള്ളവർ തേടിപ്പിടിക്കണം. ദാനമായി ലഭിച്ചവർ അതിനെക്കുറിച്ചു് പൂർണ്ണമായ അവബോധമുള്ളവരും-തദനുസാരം ജീവിതത്തെ കരുപ്പിടിപ്പിക്കാൻ കടപ്പെട്ടവരുമാണു്. മററുള്ളവർ സാവധാനം അതിൽ ചെന്നെത്താൻ സ്വയം പരിശ്രമിക്കണം.

(states) അഥവാ ജീവിതരീതികൾ ഓരോരുത്തനും സ്വീകരിക്കുന്നു.

## ക്രിസ്തീയാഹ്വാനവും ജീവിതവൃത്തികളും

ക്രിസ്തീയാഹ്വാനം സ്വീകരിച്ചിട്ടുള്ളവർക്ക് പലേ ജീവിതാവസ്ഥകളിലൂടെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും ക്രിസ്തീയാനുഭൂതി (xtian experience) ആവിഷ്ക്കരിക്കുവാനും സാധിക്കും. നൂറുനൂറു വിധത്തിലുള്ള ജീവിതവൃത്തികൾ ഉണ്ടെങ്കിലും, പ്രധാനമായി, ഇന്നു് ക്രിസ്തീയസഭയിലുള്ള ജീവിതവൃത്തി (states of life) കൾ മൂന്നാണു്. ഇവ മൂന്നും ഒരേ അളവിലല്ല ക്രിസ്തീയാനുഭൂതി ആവിഷ്ക്കരിക്കുക. ക്രിസ്തീയദൈവവിളിയുടെ അവാന്തരവിഭാഗങ്ങൾതന്നെയാണിതു്. ഇന്നത്തെ പരിതസ്ഥിതിയിൽ, മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, പലേ ജീവിതവൃത്തികൾ ഉണ്ടെങ്കിലും, ഇനിയും ഉണ്ടാകാമെങ്കിലും ഒരു വ്യക്തി തൻെറ ക്രൈസ്തവാനുഭൂതിയുടെ സാക്ഷാത്ക്കാരത്തിനു് ഏതെങ്കിലും ഒരു ജീവിതവൃത്തി ബോധപൂർവ്വം സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നു. എന്നാൽ ഈ തെരഞ്ഞെടുപ്പ് ദൈവാഹ്വാനത്തിൻെറ അവശ്യഫലവുമാണു്. അങ്ങിനെ, ക്രിസ്തീയാഹ്വാനം സ്വീകരിച്ചവർക്ക് അവിടെനിന്നുകൊണ്ടു് തങ്ങൾക്ക് ഓരോരുത്തർക്കും യോജിച്ച അനുയുക്ത ദൈവാഹ്വാനം (proper vocation) ഉണ്ടാകുന്നു. ഓരോരുത്തർക്കും യോജിച്ച പദവികളിലേയ്ക്കു് ദൈവം സ്വമേധയാ വിളിക്കുന്നു. ഇഷ്ടമുള്ളവർ ആ ആഹ്വാനത്തിനു ചെവിക്കൊള്ളുന്നു.

അനുയുക്തദൈവാഹ്വാനം പലേ ജീവിതവൃത്തികളിലേയ്ക്കാകാമെങ്കിലും ഇന്നു് സഭ അംഗീകരിച്ചിരിക്കുന്നതു് മൂന്നു ജീവിതവൃത്തികളെയത്രേ. 1) സന്യാസവൃത്തി, 2) വൈദികവൃത്തി, 3) അത്മായവൃത്തി, സാമാന്യജനത ദൈവവിളിയെന്നു മനസ്സിലാക്കുന്നതു് ഈ ത്രിവിധാഹ്വാനങ്ങളെയത്രേ. ഈ ദൈവാഹ്വാനങ്ങളെക്കുറിച്ച് വിശദമായി വിവരിക്കേണ്ടതുണ്ടു്.

## അന്വയുക്താഹ്വാനം

അന്വയുക്താഹ്വാനം ഒരു ദൈവദാനമാണ്. അതുപോലെ തന്നെ നമ്മുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പുമാണ്. എല്ലാവരെ സംബന്ധിച്ചും ഇത്തരത്തിലുള്ള ഒരു ദൈവവിളി അവശ്യമാണ്. ഒരു മനുഷ്യൻ എന്ന നിലയ്ക്കുള്ള അവന്റെ അനന്യാഹ്വാനം (special vocation) അഥവാ ജീവിതദൗത്യം നിർവ്വഹിക്കുന്നതിനുള്ള ഒരുമാർഗ്ഗം (path) മാത്രമാണിതു്. ഇതൊരന്ത്യമല്ല. ഇതു മാർഗ്ഗമാണെങ്കിൽ എന്റെ ലക്ഷ്യം ഏതെന്നു മനസ്സിലാക്കി അതിനു ചേർന്ന രീതിയാണു ഞാൻ തെരഞ്ഞെടുക്കേണ്ടതു്. ഞാൻ എവിടെയോ, ഏതു ജീവിതവൃത്തിയിൽ ആയിരിക്കണമെന്നു് ദൈവം ആഗ്രഹിക്കുന്നുവോ, ഏതിലേയ്ക്കു് ദൈവം എന്നെ വിളിക്കുന്നുവോ അവിടെത്തന്നെ ആയിരിക്കണം ഞാൻ. ഓട്ടത്തിനുള്ള ട്രാക്കുകൾ പോലാണിതു്. ട്രാക്കു തെററിയാൽ ഓട്ടം പിഴയ്ക്കും, ഫൗൾ ആകും, മററുള്ളവർക്കുതന്നെ നാശം വരും. ദൈവം നിശ്ചയിക്കുന്നതാണു് നിന്റെ വൃത്തിയെങ്കിൽ നിന്റെ ഇഷ്ട (like) ത്തിനു് അവിടെ സ്ഥാനമില്ല. നീ ഏററം ഇഷ്ടപ്പെടുന്നതല്ല യഥാർത്ഥത്തിൽ നിന്റെ ദൈവവിളി, മറിച്ചു് ദൈവം നിശ്ചയിക്കുന്നതാണു്. അതുപോലെ നിന്റെ മാതാപിതാക്കൾക്കു് ഇഷ്ടപ്പെടുന്നതും യോജിച്ചതുമായ ജീവിതരീതിയല്ല നിന്റെ ദൈവവിളി. ഞാൻ സമ്പൂർണ്ണമായി ഇഷ്ടപ്പെട്ടാലും ആഗ്രഹിച്ചാലും ദൈവം ആ ജീവിതരീതിയിലേയ്ക്കു് എന്നെ വിളിച്ചെന്നു വരുകയില്ല. അതിനാലാണു് ദൈവമാണു് നിന്നെ തിരഞ്ഞെടുക്കുന്നതു്, നീ ദൈവത്തെയല്ലയെന്നു് ക്രിസ്തു പറയുന്നതു് (John. 15. 16). ദൈവം നമ്മെ വിളിക്കുന്നതു് എങ്ങോട്ടാണെന്നു് നാം കണ്ടുപിടിക്കണം (find out). നാം നമ്മുടെ ജീവിതവൃത്തി തെരഞ്ഞെടുക്കുന്നില്ല. ദൈവം തെരഞ്ഞെടുക്കുന്നു; അതു സ്വീകരിക്കയോ നിരസിക്കയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം മാത്രമേ നമുക്കുള്ളു. എന്നാൽ നേരായ മാർഗ്ഗം കണ്ടുപിടിക്കാൻ നാം ബദ്ധപരികരരായിരിക്കണം. കാരണം, നീ എന്തി

നായി ലോകത്തിൽ വന്നുവോ, ആ ലക്ഷ്യം സാധിതമായിത്തീരാനുള്ള ഏകമാർഗ്ഗം ആ ജീവിതവൃത്തിയാണു്. നിനക്കു ലോകത്തിൽ ചെയ്യാവുന്ന ഏററം മെച്ചപ്പെട്ട സംഗതി അതു കണ്ടുപിടിക്കയാണു്; കാരണം, ലോകത്തിൽ, നിനക്കിഷ്ടപ്പെട്ടതും നിന്നെ വശീകരിക്കുന്നതുമായ ഇതരജീവിതവൃത്തികൾ ഉണ്ടെങ്കിലും, നിനക്കു് ഏററംനല്ലതു് ദൈവം തെരഞ്ഞെടുക്കുന്നമാർഗ്ഗംതന്നെയായിരിക്കും. ജീവിതസാഫല്യത്തിനും, സന്തോഷത്തിനും, സംതൃപ്തിയ്ക്കും ഉള്ള ഏററം വലിയ രഹസ്യമിതാണു്. നഷ്ടമാക്കിയ ഒരു ദൈവാഹ്വാനം, വിവേകപൂർവ്വം ആശ്ലേഷിക്കാത്ത ഒരു ആഹ്വാനം, ജീവിതത്തകർച്ച്യുടെയും നിത്യ ദുഃഖത്തിൻെറയും, അസംതൃപ്തിയുടെയും നിദാനമത്രേ. ജീവിതം ഒന്നു മാത്രമേയുള്ളു. അതു പരീക്ഷണവിധേയമാക്കാനുള്ളതല്ല. പരിപക്വമായ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ, സത്യസന്ധമായ പ്രാർത്ഥനയുടെയും, ധീരോദാത്തമായ നിശ്ചയത്തിൻെറയും വെളിച്ചത്തിൽ, ദൈവവിളി കണ്ടുപിടിക്കയും സ്വീകരിക്കയും ചെയ്യേണ്ടതാണു്.

## ഇഷ്ടാനിഷ്ടങ്ങളും ദൈവവിളിയും

നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചല്ല ജീവിതാവസ്ഥ തിരഞ്ഞെടുക്കേണ്ടതെന്നു് വി. ഗ്രന്ഥം പഠിപ്പിക്കുന്നു. കാററു് അതിനു് ഇഷ്ടമുള്ളിടത്തു് വീശുന്നു. അതുപോലെ ദൈവം തനിക്കിഷ്ടമുള്ളവരെ വിളിക്കുന്നു. വി ലൂക്കായുടെ സുവിശേഷം ഇതിനു തെളിവാണു്. ഒരു മനുഷ്യൻ ക്രിസ്തുവിനെ പിൻചെല്ലുവാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടു് അങ്ങയോടു് അനുവാദം ചോദിച്ചു. അങ്ങു് അതു തിരസ്കരിച്ചു (Luke 9,57-58). എന്നാൽ വ്യഥാ നിന്ന ഒരുവനെ ക്രിസ്തു വിളിക്കുന്നു; അവൻ തടസ്സം പറയുന്നു; പക്ഷെ, അവിടുന്നു് വീണ്ടും അവനെ വിളിക്കുന്നു. (Lk: 9 59-60). വേറൊരുവൻ ക്രിസ്തുവിനെ പിൻചെല്ലുവാൻ കൊതിച്ചു അവൻ ചില വ്യവസ്ഥയിൻപ്രകാരം തന്നെ പിൻചെല്ലാനാണു് ആഗ്രഹിച്ചതു്. അയാൾ ദൈവരാജ്യത്തിനു് യോഗ്യനല്ലാത്തവനായി (Lk. 9:61-62) കാണപ്പെട്ടു.

## ദൈവാഹ്വാനം ജീവിതമാർഗ്ഗമല്ല

അതുപോലെതന്നെ, ജീവിത വൃത്തിക്കുള്ള ദൈവാഹ്വാനം എന്നു പറയുന്നതു് ജീവിക്കുവാനുള്ള ഒരു പോംവഴിയല്ല. ഒരാൾ ഗവണ്മെൻറുദ്യോഗസ്ഥനായി ശമ്പളംപററി ജീവിക്കുന്നു, ഇതരൻ വേലക്കാരനായി പണം സമ്പാദിച്ചു ജീവിക്കുന്നു; അതുപോലെ ഒരുവൻ സന്യാസിയായി ജീവസന്ധാരണം നിർവ്വഹിക്കുന്നു; മററൊരുവൻ വൈദികനായും.. ഈ ആശയം തെററാണു്. ദൈവവിളി ജീവിക്കുവാനുള്ള മാർഗ്ഗമല്ല. അതുപോലെതന്നെ ദൈവവിളി ഒരു പ്രൊഫഷനുമല്ല. സാക്ഷാൽ ദൈവാഹ്വാനത്തിൽ ദൈർഘ്യമേറിയ കാലപരിഗണനയും, വിദൂരസ്ഥമായ ലക്ഷ്യവും ഉൾപ്പെടുന്നു. ഈ ദൈവവിളിയിൽ, വ്യക്തിമാത്രമല്ല ഉൾപ്പെടുന്നതു്, മറിച്ചു് ലോകം മുഴുവനുമാണു്. ഇതു് ഒരുവൻെറ ജീവിതത്തിനു് പ്രത്യേകമൊരർത്ഥവും ലക്ഷ്യവും പ്രദാനം ചെയ്യുന്നു. ജീവിതലക്ഷ്യം സുഗമമാക്കിത്തീർക്കാനുള്ള ഒരു മാർഗ്ഗമാണു് ഈ ജീവിതവൃത്തി. മറെറാരുവാക്കിൽ പറഞ്ഞാൽ ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തിൽ എഴുതപ്പെട്ടിട്ടുള്ള ഒന്നാണു് ദൈവാഹ്വാനം. പക്ഷേ, ഇതു വിവേചിച്ചു മനസ്സിലാക്കുക അത്ര സുസാധ്യവുമല്ല.

## ദൈവാഹ്വാനം മനസ്സിലാക്കണം

ഇപ്രകാരമുള്ള ദൈവവിളി (vocation) * നാം കണ്ടുപിടിക്കണം. അങ്ങനെയുള്ള വ്യക്തിയെ നയിക്കയും, ആ ദൈവാഹ്വാനം നശിപ്പിക്കാതെ അതു സ്വീകരിക്കാൻ അവനെ പ്രാപ്ത

---

* 'Vocation' എന്ന വാക്കിനു് ചരിത്രപരമായി ചില പരിക്ലിപ്തികൾ ഉണ്ടു്. സാമാന്യമായി, സന്യാസത്തിലേയ്ക്കും വൈദിക വൃത്തിയിലേയ്ക്കുമുള്ള ആഹ്വാനമായി കരുതിയിരുന്നു. മററുചിലപ്പോൾ വിവാഹജീവിതരീതിയേയും ദൈവവിളിയായി കരുതിപ്പോന്നു. വൊക്കേഷൻ എന്ന വാക്കു് ഒരുവൻെറ ജീവിതത്തിലെ സ്ഥായിയായ തൊഴിലിനേയും നിർദ്ദേശിച്ചിരുന്നു. വെറും വാക്കിൻെറ അർത്ഥം 'വിളി' യെന്നാണു്. നാം വിശുദ്ധ ഗ്രന്ഥത്തിലെ അർത്ഥമാണു് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്നതു്.

നാക്കിത്തീർക്കയും ചെയ്യണം. ദൈവാഹ്വാനം വളർത്തിയെടുക്കുന്നതിൽ, സഹകരിക്കുവാൻ കുടുംബത്തിനും, മാതാപിതാക്കൾക്കും, വൈദികർക്കും, അദ്ധ്യാപകന്മാർക്കും, യുവജന പ്രസ്ഥാനങ്ങൾക്കും സാധിക്കും. വളർത്തിയെടുക്കുകയെന്നതിൽനിന്നും, ഇല്ലാത്ത ഒന്നു് കരുപിടിപ്പിക്കുകയെന്നു വരുന്നില്ലല്ലോ–ഉള്ളതു് നശിപ്പിക്കാതെ, പരിരക്ഷിച്ചുകൊണ്ടു പോരുക മാത്രമേ ചെയ്യുന്നുള്ളു.

ദൈവം ഒരുവനെ വിളിച്ചിട്ടുണ്ടോയെന്നു കണ്ടുപിടിക്കുക വളരെ ആയാസകരമെന്നു നാം പറഞ്ഞു. ഒരു പത്രോസിനേയോ, പൗലോസിനേയോ, മത്തായിയേയോ, അബ്രാഹത്തിനേയോ, മോസസിനേയോ, ഒക്കെ വിളിച്ചതുപോലെ ദൈവം സ്വയം നേരിട്ടു പ്രവർത്തിച്ചുകൊണ്ടു് ആഹ്വാനം നൽകിയാൽ നമുക്കതു് എളുപ്പം മനസ്സിലാകും. അങ്ങനെയൊരു ആഹ്വാന ക്രമീകരണം (method of calling) ഇന്നു് സാധാരണ കാണുന്നില്ല. ഇന്നുള്ളതു് പരോക്ഷമായ (indirect), സാമാന്യമായ (ordinary) ആഹ്വാനരീതികളാണു്. പരോക്ഷമായതിനാലാണു് വിവേചന സാധ്യത വിരളമായിരിക്കുന്നതും.

## മനസ്സിലാക്കാനുള്ള പോംവഴികൾ

ദൈവവിളി വ്യവച്ഛേദിച്ചു് മനസ്സിലാക്കുന്നതിനു് സാധാരണക്കാർക്കു് ചില മാനദണ്ഡങ്ങൾ ഉണ്ടു്: 1) ഓരോ ജീവിതവൃത്തിയ്ക്കും അനുഗുണമായ ബാഹ്യയോഗ്യത (external fitness), 2) ആന്തരികയോഗ്യത (internal fitness), 3) അതിസ്വാഭാവികമായ ചലനം (supernatural movement) ഇവയാണു് മുൻപു സൂചിപ്പിച്ച മാനദണ്ഡങ്ങൾ (i) മനശ്ശാസ്ത്രപരമായി പറഞ്ഞാൽ, ഒരുവൻ ജീവിക്കുന്ന സാഹചര്യം (environment), അവന്റെ വ്യക്തിത്വം (personality), അവന്റെ പ്രേരണ (motivation) ഇവയെ നോക്കിയത്രേ ദൈവാഹ്വാനം നിരീക്ഷിച്ചു് മനസ്സിലാക്കുക. ഇതു തികച്ചും ശാസ്ത്രീയമായ ഒരു അ

(i) Winfrid Herbst. What is my vocation.

പഗ്രഥനമാണ്. ദൈവാഹ്വാനം പരിശോധിച്ച് മനസ്സിലാക്കുന്ന(Screen) വൊക്കേഷൻ ഡിറക്ടർക്ക് മന:ശാസ്ത്രപരമായ ഈ വസ്തുതകളെക്കുറിച്ച് നല്ല പരിജ്ഞാനം ആവശ്യമാണ്. വളരെ ചുരുക്കത്തിൽ ഓരോന്നിനെയും കുറിച്ചു പ്രതിപാദിക്കാം.

സാഹചര്യം:– ഒരു വ്യക്തിയെ പുറമെനിന്നു സ്പർശിക്കുന്ന എല്ലാ ശക്തികളെയും, വ്യക്തികളെയും, വസ്തുവകകളെയും ഒരുവൻ വളരുന്ന സാഹചര്യമെന്നു പറയാം. വീടും, സ്കൂളും, ആളുകളും, പ്രസ്ഥാനങ്ങളും, ആശയങ്ങളും, കാലാവസ്ഥയും എല്ലാം ഒരുവനെ സംബന്ധിച്ച് സാഹചര്യങ്ങളാണ്. ഒരു മനുഷ്യനെ അവനാക്കിതീർക്കുന്നതിൽ സാഹചര്യങ്ങൾക്കുള്ള കഴിവ് നിരസിക്കാൻ പാടില്ല. സാഹചര്യങ്ങളുടെ പ്രവർത്തനം വ്യക്തിത്വത്തിൽ സാരമായ വ്യതിയാനം ഉളവാക്കാൻ പോരുന്നതത്രേ. ഒരു വിത്ത് മുളക്കാൻ വളക്കൂറുള്ള മണ്ണ് എത്ര ആവശ്യമാണോ, അത്രയും വിലപ്പെട്ടതാണ് വ്യക്തിത്വത്തിന്റെ വളർച്ചയ്ക്ക് സാഹചര്യം. സാമാന്യമായി മോശമായ സാഹചര്യത്തിൽ വളർന്ന ഒരു വ്യക്തി നല്ലവനായിരിക്കുകയില്ല വളർച്ചയിലൂടെ സാഹചര്യത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന തിന്മയുടെ വശങ്ങൾ അവൻ വലിച്ചെടുക്കും; വ്യക്തിത്വത്തിന്റെ ഭാഗമാക്കിത്തീർക്കും. ഒരു കൊല്ലത്തെ നവസന്യാസംകൊണ്ടോ, അഞ്ചാറുവർഷങ്ങളിലെ പരിശീലനംകൊണ്ടോ ആ വ്യക്തിത്വത്തിൽ മാററം വരുത്തുക അത്ര എളുപ്പമല്ല. അതിനാലാണ് സന്യാസത്തിലേയ്ക്കോ വൈദികവൃത്തിയിലേയ്ക്കോ ആളുകളെ തെരഞ്ഞെടുക്കുമ്പോൾ അവർ വളർന്ന സാഹചര്യത്തെ കണക്കിലെടുക്കണമെന്നു പറയുന്നത്.

വ്യക്തിത്വം:– വ്യക്തിത്വത്തിന്റെ അടിസ്ഥാനം ഏറെക്കുറേ നിലയുറപ്പിച്ചിരിക്കുന്നത് മാതാപിതാക്കളിൽനിന്നും 'പിതൃവ്യ (heredity) മായി നമുക്കു ലഭിക്കുന്ന ഗുണാഗുണങ്ങളിലാണ്. മാതാപിതാക്കളിൽനിന്നും ലഭിക്കുന്ന ക്രോമോസോമുകളിൽ (chromosoms) അന്തർലീനമായിരിക്കുന്ന വാസനാവാഹി

(Genes) കളാണു് ആത്യന്തികമായി ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ കരുപ്പിടിപ്പിക്കുക. വ്യക്തിത്വം എന്നാൽ സ്വഭാവഗുണങ്ങളുടെ (traits) അവികലവും സംപൂർണ്ണവുമായ (integrated) മാതൃക (pattern) യാണെന്നു് ജെ. പി. ഗിൽഫോർഡു നിർവ്വചിക്കുന്നു. അല്പം വിശദീകരണം ആവശ്യമാണു്. വ്യക്തിത്വമെന്നതു് ഒരാളുടെ ശാരീരികവും, മാനസ്സികവും, ധാർമ്മികവും, സാമൂഹ്യവുമായ ഗുണവിശേഷങ്ങളുടെ സഞ്ചിതവും ക്രിയാത്മകവുമായ നിർമ്മാണമത്രേ. സാമൂഹ്യബന്ധത്തിലെ കൊടുക്കൽ വാങ്ങലുകളിലൂടെ ഈ പ്രതിഭാസം മററുള്ളവർക്കു് പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഒരുവന്റെ സ്വാഭാവികവും, ആർജ്ജിതവുമായ ആവേശങ്ങളും (impulses), സ്വഭാവങ്ങളും (habits), താല്പര്യങ്ങളും (interests), ചിത്തവിക്ഷോഭങ്ങളും (Complexes), ആദർശങ്ങളും വികാരങ്ങളും, അഭിപ്രായങ്ങളും, വിശ്വാസങ്ങളും ഒരുമിച്ചുകൂടി അതു് ബാഹ്യവത്ക്കരിക്കപ്പെടുന്നതിനു് വ്യക്തിത്വമെന്നു പറയുന്നു. പിതൃവ്യമായി ലഭിച്ച കൈമുതലിന്റെകൂടെ സാഹചര്യങ്ങളുടെ പ്രതിപ്രവർത്തനത്തിലൂടെ സ്വയാർജ്ജിതങ്ങളായ സ്വാഭാവിഗുണങ്ങളുംകൂടി സമ്മേളിച്ചുകഴിയുമ്പോഠ ഒരുവന്റെ വ്യക്തിത്വമായി. ഒരുവന്റെ വ്യക്തിത്വത്തിൽ അന്തഃർലീനമായിരിക്കുന്ന ഘടകങ്ങഠ മാഞ്ഞും മറഞ്ഞും, ഒളിഞ്ഞും തെളിഞ്ഞും, മിന്നിയും പൊലിഞ്ഞും ഒക്കെ അവന്റെ പ്രവർത്തനങ്ങളിലൂടെ (activities) പ്രത്യക്ഷപ്പെടും. മാനസികശൈഥില്യം സംഭവിച്ചവരും, വികല വ്യക്തിത്വത്തിന്റെ ഉടമകളും ഒന്നും അനയുക്താഹ്വാനത്തിന്റെ ക്ഷണിതാക്കളല്ല.

നാം ഇവിടെ വ്യവഹരിക്കുന്നതു് ജീവിതവൃത്തിക്കുള്ള ആഹ്വാനത്തെസംബന്ധിച്ചാണു്. സാമാന്യമനുഷ്യനിൽ(Norm-alPerson) മാത്രമേ ഈ ദൈവികാഹ്വാനം കാണുവാൻ സാധിക്കൂ. കാരണം, ഈ ജീവിതവൃത്തി ഒരുവനെ സാമൂഹ്യബന്ധങ്ങളിൽ ഉഠപ്പെടുത്തുകയും സേവനത്തിന്റെയും വിശുദ്ധിയുടെ

യും പ്രതലത്തിലൂടെ ചരിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്നു. തന്നോടുതന്നെയും, ഇതരവ്യക്തികളോടും, ജീവിതത്തോടുതന്നെയും പൊരുത്തപ്പെട്ടുപോകുവാൻ സാധിക്കുന്നവനാണ് സാമാന്യമനുഷ്യൻ അഥവാ ക്രമനില തെററാത്ത മനുഷ്യൻ. അതു സാഹചര്യങ്ങളിൽ ഉറച്ച തീരുമാനങ്ങളെടുക്കാൻ അവൻ പ്രാപ്തനായിരിക്കണം. ആ തീരുമാനം തനിക്കും മററുള്ളവർക്കും ഏററം കുറഞ്ഞ അസൗകര്യങ്ങളേ ഉളവാക്കാവൂ. സ്വയം വേദനിക്കാതെയും, സത്യസന്ധമായും, ഫലപ്രദമായും ബുദ്ധിമുട്ടുകളെ നേരിടുവാൻ കഴിവുള്ളവനായിരിക്കും അവൻ. സ്വയം അവൻ ആയിരിക്കുന്ന പരിതസ്ഥിതികളിൽ, വിവേകത്തിൻെറ വേലിക്കെട്ടിനുള്ളിൽനിന്നുകൊണ്ട്, സ്ഥാനവും, ഉത്തരവാദിത്വങ്ങളും പേറുവാൻ തൻേറടമുള്ളവനായിരിക്കണം അവൻ. (2) ഈ ഗുണപൗഷ്കല്യങ്ങൾ ക്രമനില തെററാത്ത ഒരു മനുഷ്യൻെറ കൈമുതലാണ്. ഇങ്ങനെയുള്ളവർക്കുമാത്രമേ ദൈവാഹ്വാനം ഉണ്ടാകയുള്ളു. മറെറാരു വാക്കിൽ പറഞ്ഞാൽ, മനോരോഗികൾക്കും, ഞരമ്പുരോഗികൾക്കും, വ്യക്തിത്വവികലത സാരമായി ബാധിച്ചവർക്കുമുള്ള ഒരു സങ്കേതസ്ഥലമല്ല ജീവിതവൃത്തികൾ. വൈകാരികസമതോലനം തെററിയവർ ദൈവാഹ്വാനത്തിൻെറ ഈററില്ലങ്ങളായിരിക്കയില്ല. ഓരോ ജീവിതാന്തസിനും പററിയ വ്യക്തി ഇനങ്ങൾ (types of Personality) പ്രത്യേകം ശ്രദ്ധവച്ചു പഠിച്ചുകൊണ്ടുവേണം ദൈവാഹ്വാനം പരിശോധിക്കുവാൻ. എല്ലാവർക്കും എല്ലാ ജീവിതരീതികളും യോജിച്ചതല്ലല്ലോ.

പ്രേരകശക്തി:- പ്രചോദനകാരണം പ്രത്യേകം അപഗ്രഥനവിധേയമാക്കേണ്ടതാണ്. ഏതൊരുദ്ദേശത്താലാണ് ഈ വ്യക്തി, ഈ പ്രത്യേകജീവിതവൃത്തി തെരഞ്ഞെടുക്കുന്നത്. സ്വഭാവാതീതമായ ഒരു പ്രേരണയല്ലെങ്കിൽ അതു് തീർത്തും പരിത്യജിക്കേണ്ടതാണ്. ഉപജീവനമാർഗ്ഗമുള്ളതുകൊണ്ടോ, തൊഴിൽ സാധ്യതയുള്ളതുകൊണ്ടോ സന്യാസത്തിൽ ചടഞ്ഞുകൂടാൻ

(2) Rosner-All about Psychoanalysis P. 27

ചിലരെ പ്രേരിപ്പിക്കും—പ്രേരിപ്പിക്കുന്നുണ്ട്. പലപ്പോഴും തൊഴിൽ ചെയ്യാനുള്ള കഴിവും, പ്രാപ്തിയും ഡിഗ്രിയുമൊക്കെ ദൈവവിളിയുടെ ഒരു മാനദണ്ഡമായി ചില സഭകളെങ്കിലും കണക്കാക്കി ആളുകളെ റിക്രൂട്ടുചെയ്ത് ദൈവവിളി 'സൃഷ്ടിക്കുന്ന' ദയനീയ കാഴ്ച കേരളത്തിൽ അത്ര ദുർല്ലഭമല്ല. ബന്ധുക്കളും, ഇഷ്ടജനങ്ങളും ഉള്ളതിന്റെ പേരിൽ ഒരു പ്രത്യേക സഭ തെരഞ്ഞെടുക്കുന്നതിന്റെ അടിയിൽ കിടക്കുന്ന പ്രേരകശക്തി പരിവർജ്ജ്യമാണ്. തങ്ങളുടെ സ്വാഭാവിക ഇഷ്ടാനിഷ്ടങ്ങളുടെ പേരിലും ഒരു സഭയോ ജീവിതവൃത്തിയോ തെരഞ്ഞെടുക്കുന്നതു ശരിയല്ല. ദൈവാഹ്വാനമെങ്കിൽ, ദൈവചിത്തം മനസ്സിലാക്കി, അതിനനുഗുണമായി നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ മാററിവച്ചുകൊണ്ട് പരിപക്വമായ തീരുമാനമെടുക്കുകയാണു വേണ്ടതു്. ഭാവി അനിശ്ചിതമായിരിക്കും അതിനാൽ തീരുമാനം സാഹസികമായിരിക്കും. അന്ധകാരത്തിലേയ്ക്കുള്ള ഒരു എടുത്തുചാട്ടമാണിതു്. വെറും വിശ്വാസം മാത്രമാണ് ഈ ചാട്ടത്തിൽ കൈമുതൽ. ആ വെളിച്ചം മാത്രമേ നമുക്ക് ജീവിതത്തിൽ അന്ത്യംവരെ പ്രകാശമരുളുകയുള്ളു.

ജീവിതവൃത്തിയ്ക്കുള്ള ആഹ്വാനത്തെ ഈ രീതിയിൽ വീക്ഷിച്ചാൽ ദൈവവിളിയുള്ളവരെ തെരഞ്ഞെടുക്കുകയും, സ്വയം തീരുമാനമെടുക്കുകയും ചെയ്യുന്നതു് വളരെ ബുദ്ധിമുട്ടായിരിക്കുമെന്നു തോന്നാം. അതു ശരിയാണ്. പലരും വിചാരിക്കുന്നതുപോലെ അത്ര എളുപ്പമല്ല ജീവിതവൃത്തി തെരഞ്ഞെടുക്കുകയെന്ന പ്രക്രിയ. ഒരു ജീവിതകാലം മുഴുവൻ ജീവിക്കേണ്ട ഒരു മാർഗ്ഗം ഒരു സുപ്രഭാതത്തിലെ തോന്നലനുസരിച്ചോ, മറെറാരാൾ പറഞ്ഞതുകൊണ്ടോ, ജീവിതലക്ഷ്യത്തെ തകരാറിലാക്കിക്കൊണ്ടോ, സ്വന്തം കഴിവിനേയും കഴിവുകേടിനേയും കണക്കിലെടുക്കാതെയോ, വ്യക്തിത്വത്തെ മനസ്സിലാക്കാതെയോ, ജീവിതവൃത്തിയെ വസ്തുനിഷ്ഠമായി പഠിക്കാതെയോ, നിരന്തരമായ പ്രാർത്ഥനകൂടാതെയോ കൈകാര്യം ചെയ്യേണ്ടതല്ലതന്നെ. ദൈവംതന്നെ

എന്തിനു വിളിക്കുന്നു എന്നു് മനസ്സിലാക്കാനുള്ള വിനയാന്വിതമായ ഒരു മനസ്സാക്ഷിയുടെ ഉടമയായിരിക്കുന്ന ആൾക്കേ സാക്ഷാൽ ദൈവാഹ്വാനം വിവേചിച്ചു മനസ്സിലാക്കാൻ കഴിയൂ.

ഇപ്രകാരം, സന്യാസവൃത്തിയിലേയ്ക്കോ, വൈദികവൃത്തിയിലേയ്ക്കോ, അത്മായവൃത്തിയിലേയ്ക്കോ ദൈവം വിളിച്ചിരിക്കുന്നതനുസരിച്ചു് ഓരോരുത്തനും പ്രവേശിക്കുന്നു. സന്യാസജീവിതത്തിനും, വൈദിക ജീവിതത്തിനും വിളിക്കപ്പെട്ടവരുടെ 'ബാക്കി'യാണു് 'മിച്ച'മാണു് അത്മായരെന്ന ചിന്ത ചിലർക്കെങ്കിലുമുണ്ടു്. സന്യാസത്തിലേയ്ക്കു് ഒരുവൻ വിളിയ്ക്കപ്പെടുന്നതുപോലെതന്നെ, അത്മായജീവിതവൃത്തിയിലേക്കു് മറെറാരുവൻ വിളിക്കപ്പെടുക തന്നെയാണു്. അതിനാലാണു് കൗൺസിൽ അസന്നിഗ്ദ്ധമായ ഭാഷയിൽ, ദൈവം അവരെ അവിടേയ്ക്കു വിളിച്ചുവെന്നു് പഠിപ്പിക്കുന്നതു് (3) ദൈവത്തിൻെറ പ്ലാനനുസരിച്ചു് ഭൗമിക കാര്യങ്ങളിൽ ഇടപെടുന്നതിനും, ക്രമീകരിക്കുന്നതിനുമായിട്ടാണു് അവർ വിളിക്കപ്പെട്ടിരിക്കുന്നതെന്നു് കൗൺസിൽ വീണ്ടും പറയുന്നു. വിവാഹിത ജീവിതത്തിലൂടെയോ, അവിവാഹിതരായി നിന്നുകൊണ്ടോ, അത്മായ ദൈവവിളി അവർ നിർവ്വഹിക്കുന്നു. അതുപോലെതന്നെ സന്യാസവൃത്തിക്കു വിളിക്കപ്പെടുന്നവർ, ഏതു തരം സന്യാസ ജീവിതരീതിയ്ക്കാണു് വിളിക്കപ്പെടുന്നതെന്നു് അറിയണം. ആദ്യം കണ്ട സഭയിൽ ചേരുകയല്ല, അയൽപക്കത്തുള്ള മഠത്തിലോ ആശ്രമത്തിലോ ചേരുകയല്ല വേണ്ടതു്. ഇക്കാര്യത്തിൽ പ്രലോഭനങ്ങളോ, ചാക്കിട്ടുപിടുത്തങ്ങളോ, ബാഹ്യപ്രേരണകളോ ഒന്നും വസ്തുനിഷ്ഠമായ തെരഞ്ഞെടുപ്പിനു് വിഘാതമാകരുതു്. ഓരോരുത്തരുടെയും അനന്യ ദൈവാഹ്വാനം (special vocation) ജീവിക്കാൻ സാധ്യമുള്ളിടത്തു മാത്രമേ പ്രവേശിക്കാവൂ. അല്ലെങ്കിൽ ജീവിതം തകർച്ചയിൽ ചെന്നെത്തും.

---

(3) Church-58· 1.
Church-Today-43

വൈദികവൃത്തിയുടെ കാര്യത്തിലും, യഥാൎത്ഥത്തിൽ ദൈവാഹ്വാനം ഉണ്ടെന്നു ബോധ്യമായിട്ട മാത്രമേ, ആ രംഗത്തു് നാം കാലൂന്നാവൂ; കാലൂന്നിയാൽതന്നെ തുടൎന്നു ജീവിക്കാവൂ. ആ ജീവിത വൃത്തിയുടെ ഭാരവും ബുദ്ധിമുട്ടും ആവഹിക്കാൻ ശക്തമായ ഉജ്ജ്വല പ്രാഭവം വ്യക്തിത്വവും ഇല്ലെങ്കിൽ, ദൈവവിളിയെക്കുറിച്ചു് പൂൎണ്ണ ബോധ്യമില്ലെങ്കിൽ അവിടെ ചടഞ്ഞുകൂടി നില്ക്കരുതു്.

## ഒററ വിളിയല്ല ദൈവാഹ്വാനം

ദൈവാഹ്വാനം വെറും ഒരു വിളി (single calling) അല്ല. മറിച്ചു് തുടൎച്ചയായുള്ള (repeated) ഒരാഹ്വാനമാണു്. ആ ദൈവാഹ്വാനം വളൎത്തിയെടുക്കാനും സാധിക്കും. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും, മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളിൽ കണ്ടുവരുന്ന ദിവ്യാഹ്വാനത്തെ, വിവേകപൂൎവ്വം സഹായിക്കയും, വളരെ ശ്രദ്ധയോടെ കാത്തു സൂക്ഷിക്കയും ചെയ്യണം എന്നു് കൗൺസിൽ അനുശാസിക്കുന്നു. (4)

## വളൎച്ചയുള്ള പ്രതിഭാസം

ദൈവാഹ്വാനം വളൎച്ചയുള്ള ഒരു പ്രതിഭാസമെങ്കിൽ സന്യാസാശ്രമ കവാടത്തിലൂടെയോ, സെമിനാരിയുടെ വാതിലിലൂടെയോ ഉള്ളിൽ പ്രവേശിച്ച എല്ലാവൎക്കും ഈ ആഹ്വാനം ഉണ്ടാകണമെന്നില്ല. പരിശീലന കാലങ്ങളിലും, നവസന്യാസ കാലത്തും സ്വയം പഠിച്ചു് മനസ്സിലാക്കി, ദൈവവിളിയില്ലെന്നു കണ്ടാൽ പ്രസ്തുത ജീവിതവൃത്തി ഉപേക്ഷിക്കാൻ അൎത്ഥികൾ (candidates) ധാൎമ്മികമായി കടപ്പെട്ടുന്നു. എവിടെയെങ്കിലും കയറിപ്പററിയാൽ ഉടൻ ദൈവവിളി ഉണ്ടെന്നുള്ള നമ്മുടെ നാടിൻെറ ചിന്താഗതി തീൎത്തും ബാലിശമാണു്. കയറിപ്പററിയതിനുശേഷമാണു് യഥാൎത്ഥത്തിൽ ദൈവാഹ്വാനം പരീക്ഷണ (test) വിധേയമാ

---

(4) Laity.

കുന്നതും, ഉണ്ടോ ഇല്ലയോ എന്നു ബോധ്യമാകുന്നതും. ഇല്ലാത്തവർ ഇറങ്ങിപ്പോകണം. പക്ഷേ നാടൻ ചിന്ത മറിച്ചായതിനാൽ, സമുദായത്തെപ്പേടിച്ച്, സമുദായത്തിൽനിന്നും ബഹിഷ്ക്കരിക്കപ്പെട്ടുമെന്നോർത്ത്, ദൈവാഹ്വാനം ഇല്ലെങ്കിലും ഉണ്ടെന്നു നടിച്ച് ജീവിതം നശിപ്പിക്കുന്നവർ ചുരുക്കമല്ല, പ്രത്യേകിച്ച് സ്ത്രീജനങ്ങളിൽ. മഠത്തിലോ, ആശ്രമങ്ങളിലോ, സെമിനാരികളിലോ പ്രവേശിച്ചതിന്റെ ശേഷം മാത്രമേ ദൈവാഹ്വാനത്തെ സംബന്ധിച്ച സമ്പൂർണ്ണ ജ്ഞാനം സംലബ്ധമാകുന്നുള്ളുവെന്ന പരമാർത്ഥം നാം വിസ്മരിക്കരുത്. ഇതു് വിവേചിച്ചറിയുവാനാണ് പരിശീലനകാലവും, ശുപവത്ക്കരണകാലഘട്ടവും സന്യാസവൃത്തിയിലും വൈദിക ജീവിതത്തിലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

അത്മായ ജീവിതത്തിൽപോലും ഈ പരീക്ഷണ (test) കാലഘട്ടമുണ്ട്. ആദ്യമേതന്നെ, ഒരുവൻ വിവാഹം ചെയ്യണമോ, വേണ്ടയോ എന്നു് സ്വയം നിശ്ചയിക്കുന്നു. വിവാഹം ചെയ്യണമെന്നു തീരുമാനിച്ചാൽ ആദ്യം കാണുന്ന സ്ത്രീയെയോ, അയൽപക്കത്തെ സ്ത്രീയെയോ, പണ്ട് സാമൂഹ്യബന്ധത്തിൽ ഏർപ്പെട്ട സ്ത്രീയെയോ, തന്നെ സ്നേഹിക്കുന്ന. (എന്നാൽ താൻ സ്നേഹിക്കാത്ത) സ്ത്രീയേയോ വിവാഹം ചെയ്യാറില്ല. പല പാർട്ടികളുമായി ആലോചിച്ച്, അടുത്ത്, സാഹചര്യവും സ്വഭാവവും മനസ്സിലാക്കി, അവസാനം പലേ തെരഞ്ഞെടുപ്പുകൾക്കും ശേഷം നമുക്ക് കൊള്ളാവുന്ന (fit)വളെ വിവാഹം ചെയ്യുന്നു. മനസ്സുചോദ്യത്തിനു ശേഷംപോലും വിവാഹം പലപ്പോഴും മാറിപ്പോകാറുണ്ട്. മനസ്സുചോദ്യമെന്ന കർമ്മം കഴിക്കാൻ പള്ളിയിൽ വന്നതുകൊണ്ട് അവർ ഇരുവരും വിവാഹിതരാകണമെന്നു് നാം നിർബന്ധിക്കാറില്ലല്ലോ.

## അകത്തുവച്ചു മനസ്സിലാക്കണം

ഇതുപോലെ തന്നെയാണ് സന്യാസജീവിതത്തിന്റെയും വൈദികജീവിതത്തിന്റെയും കാര്യം. ആ പ്രതലങ്ങളിലേയ്ക്കു്

എത്തിനോക്കിയതുകൊണ്ടു്, അവയൊന്നു പരിശോധിച്ചതുകൊണ്ടു്, അവിടെ കുറെനാൾ ജീവിച്ചതുകൊണ്ടു്, ആ ജീവിതവൃത്തികളിലേയ്ക്കു് ദൈവാഹ്വാനം ഉണ്ടെന്നു വരുന്നില്ല. ദൈവാഹ്വാനം ഇല്ലെന്നു കണ്ടാൽ ഇറങ്ങിപ്പോരാനും, ദൈവം വിളിക്കുന്ന മററ ജീവിതവൃത്തിയിൽ പ്രവേശിക്കാനുമുള്ള ധൈര്യം വ്യക്തികൾക്കുവേണം; സത്യസന്ധമായ അവരുടെ പ്രവൎത്തനത്തെ ശ്ലാഘിക്കാനുള്ള സംസ്കാരവും, അവരെ അംഗീകരിക്കാനുള്ള മനഃസ്ഥിതിയും സമുദായത്തിനും വേണം

## 'സൃഷ്ടികൎമ്മം' അപകടം

എങ്കിൽ മാത്രമേ സാക്ഷാൽ പരിശുദ്ധവും കലപ്പില്ലാത്തതുമായ ദൈവാഹ്വാനം സ്വീകൃതമാകയുള്ളു സാക്ഷാൽ ദൈവവിളി ആയിരങ്ങളിൽനിന്നും പതിനായിരങ്ങളിൽനിന്നും മാത്രമേ ഉണ്ടാകൂ. ഓരോ വീടിനും ഒന്നും രണ്ടും ഉണ്ടാകണമെന്നില്ല. ഇന്നു് നമ്മുടെ നാട്ടിൽ കാണുന്ന തള്ളൽ സാക്ഷാൽ പരിശുദ്ധ ദൈവവിളിയാണോ, വിശപ്പിന്റെ വിളിയാണോ, വെറും സുരക്ഷിതത്വത്തിനുള്ള മോഹമാണോ, ജീവിതസന്ധാരണമാൎഗ്ഗമാണോ, പ്രശസ്തിയുടെയും അന്തസ്സിൻെറയും പ്രശ്നമാണോ, അതോ വെറും സാംഖ്യക (Statistical) വളൎച്ചയുടെ പ്രശ്നമാണോ എന്നൊക്കെ ബോധപൂൎവ്വം നാം ക്രൂശിതരൂപത്തിൻെറ മുൻപിൽ പ്രാൎത്ഥനാബദ്ധരായി ചിന്തിക്കേണ്ടതുണ്ടു്. ഉള്ള ദൈവാഹ്വാനം വളൎത്തിയെടുക്കണം. പക്ഷേ, കാടുകലക്കി വേട്ടയാടുന്നതുപോലെ 'ആളേ പിടുത്തക്കാർ' ഓടിനടന്നു്, 'പഴുത്തതും' 'ഞെക്കികൊള്ളുന്നതും', ഇടയ്ക്കു്, 'പച്ചയും' 'മൂക്കാത്തതും' ഒക്കെ സംഭരിക്കുന്നതു് സാക്ഷാൽ ദൈവവിളിയേ വിലമതിക്കാത്തതുകൊണ്ടാണു്. ഇല്ലാത്തവരിൽ ദൈവവിളി 'സൃഷ്ടി'ക്കുന്ന 'ദൈവവിളിയുടെ വൈതാളികന്മാർ' സഭയ്ക്കും സമുദായത്തിനും വ്യക്തിയ്ക്കും ദൈവത്തിനും എല്ലാം കളങ്കം വരുത്തുകയല്ലേ ചെയ്യുന്നതു്? ഇവർ ദൈവസ്നേഹത്തേക്കാൾ മനുഷ്യദ്രോഹമാണു് ചെയ്യുന്നതു്.

**എന്നാൽ ദൈവാഹ്വാനമുള്ള ഒരു വ്യക്തിയ്ക്കു് അതിനുവേണ്ട എല്ലാ പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കേണ്ടതുമത്രേ. അതിനു് വിലങ്ങടിച്ചു നില്ക്കുന്നവർ ആരുതന്നെ ആയാലും, എന്തിന്റെ പേരിലായാലും അവർ ദൈവഹിതത്തിന്റെ ശത്രുക്കളും മനുഷ്യ വ്യക്തികളുടെ ദ്രോഹികളുമത്രേ.**

# III

# വ്യക്തിയുടെ ജീവിതദൗത്യം

ദൈവാഹ്വാനങ്ങളെ പൊതുവിൽ പരാമർശിച്ചതിനുശേഷം, നാം ഇവിടെ, ഇപ്പോൾ, പ്രത്യേക ദൈവവിളി അഥവാ അനന്യാഹ്വാനം (special vocation) വിശദമായി കാണുകയാണ്. മറെറല്ലാ ദൈവാഹ്വാനങ്ങളുടെയും ലക്ഷ്യമിതാണ്. വ്യക്തിത്വത്തിൻെറതന്നെ അർത്ഥവും വ്യാപ്തിയും സൃഷ്ടിയുടെതന്നെ ഉദ്ദേശവും ഇതത്രേ.

## ദൈവീക പദ്ധതി

ദൈവത്തിനു് ഓരോ വസ്തുവിനെക്കൊണ്ടും, പ്രത്യേകിച്ച്, ഓരോ വ്യക്തിയേക്കൊണ്ടും, ഏതോ ഒരു പ്രത്യേക ഉദ്ദേശ്യം സാധിക്കാനുണ്ട്. ഈ പ്രത്യേക ഉദ്ദേശ്യം അവനു മാത്രമേ ലോകത്തിൽ ചെയ്യാൻ സാധിക്കൂ. ലോകത്തിൽ മറെറാരാൾക്കും ചെയ്യാൻ സാധിക്കാത്തതും, അവൻതന്നെ നിർവ്വഹിക്കാൻ കടപ്പെട്ടതുമായ ആ സംഗതി അവൻ ചെയ്യുന്നില്ലെങ്കിൽ, ദൈവത്തിനു് അവനെക്കൊണ്ടുള്ള 'പ്ലാൻ' തകൻുപോകും. ഈ പ്രത്യേക ജോലി ചെയ്യുവാനാണ് അവനെ അസ്തിത്വമണിയിച്ച് ദൈവം

രംഗത്തിറക്കിയിരിക്കുന്നതു്. ഈ ജോലി എന്താണെന്നു് ഓരോരുത്തനും കണ്ടുപിടിക്കണം. അവൻെറ സാഹചര്യങ്ങളും, വ്യക്തിത്വവും, പ്രേരകശക്തിയും, കഴിവും കഴിവുകേടും എല്ലാം ഇതിനാവശ്യമത്രേ. എത്ര കഴിവില്ലാത്തവനായാലും, എത്ര വികലനായാലും, എന്തെല്ലാം കുറവുകളും തെററുകളും ഉണ്ടെങ്കിലും, അവനേക്കൊണ്ടും ദൈവത്തിനു കാര്യമുണ്ടു്. ഇന്നത്തെ പരിപാലനാവൃത്തത്തിൽ അവൻെറ അസ്തിത്വം തികച്ചും ആവശ്യമായതിനാലത്രേ ദൈവം അവനെ സൃഷ്ടിച്ചതു്. മുടന്തർക്കും, കുരുടർക്കും, അംഗഹീനർക്കും, ഊമന്മാർക്കും, ഭ്രാന്തർക്കും, കുഷ്ഠരോഗികൾക്കും എല്ലാം എല്ലാം ചിലതൊക്കെ ചെയ്യാനുണ്ടു്. അവരുടെയോ അവരുടെ മാതാപിതാക്കളുടെയോ പാപഫലമല്ല ഇവരിങ്ങനെ അസ്തിത്വമാർന്നതു്. മറിച്ചു് ദൈവമഹത്വം അവരിലൂടെ പ്രത്യക്ഷപ്പെടുവാൻ വേണ്ടിയാണെന്നു് ക്രിസ്തുതന്നെ പഠിപ്പിച്ചിരിക്കുന്നു. ഓരോ വ്യക്തിയ്ക്കും ഓരോ ഉദ്ദേശ്യമുണ്ടു്. അതു് അന്വേഷിച്ചറിഞ്ഞു് ദൈവമഹത്വാർത്ഥം ആ ഉദ്ദേശ്യം നിർവ്വഹിക്കുകയെന്നുള്ളതാണു് ഓരോ വ്യക്തിയുടെയും ജീവിതദൗത്യം.

യഥാർത്ഥത്തിൽ ഈ നിശ്ചിത ജീവിതദൗത്യത്തിനു് ചേർന്ന വിധത്തിലുള്ള ഒരു വ്യക്തിത്വവും, ഈ ദൗത്യം നിർവ്വഹിക്കാനുള്ള പ്രത്യേക സാഹചര്യങ്ങളും നല്കിക്കൊണ്ടാണു് ദൈവം ഒരുവനെ ലോകത്തിലേയ്ക്കു് അയക്കുന്നതു്. അതു മനസ്സിലാക്കുകയും പൂർത്തീകരിക്കുകയുമാണു് ഓരോ വ്യക്തിയുടേയും കടമ. ഒരുവൻെറ ജീവിതത്തെ നയിക്കുന്നതും നിയന്ത്രിക്കുന്നതും, അവനു് ചൈതന്യം പകരുന്നതും, ബുദ്ധിമുട്ടിലും, വിഷമങ്ങളിലും, തെററിദ്ധാരണകളിലും അവനെ ധൈര്യചിത്തനാക്കി മുന്നോട്ടു നയിക്കുന്നതും, അവൻെറ പ്രവർത്തികളെയും അഭിലാഷങ്ങളെയും രൂപാന്തരപ്പെടുത്തുന്നതും ഈ ലക്ഷ്യമാണു്. ദൈവരാജ്യത്തിൻെറ പൂർത്തീകരണത്തിനായി അവൻതന്നെ ഇതു ചെയ്യുകയുംവേണം. ചെയ്തു തീർക്കേണ്ട ഈ ഭാഗം എന്തെന്നു് കണ്ടുപിടിച്ചു് ചെയ്യുന്നതിലാണു് പരിപക്വമായ അന്വേഷണവും തീരു

മാനവും ആവശ്യമായി 'വരിക.' അവൻ പണിയുന്നില്ലെങ്കിൽ ദൈവരാജ്യം അത്രയും അപൂർണ്ണമായിരിക്കും ദൈവത്തിന്റെ രാജ്യം അത്രയും ലോകത്തിൽ 'വരിക'യില്ല. നോക്കു ഓരോ വ്യക്തിയുടെയും വിലയും നിലയും.

## സമ്പൂർണ്ണാഹ്വാനം

ഒരുവനെ ജീവിതത്തിലേയ്ക്കു വിളിക്കുന്നതും (vocation to life) അവനു് ക്രിസ്തീയാഹ്വാനം (Christian vocation) നല്കുന്നതും, അതോടുകൂടി ഓരോരുത്തനും അനുയുക്താഹ്വാനം (proper vocation) നല്കുന്നതും എല്ലാം ഈ അനന്യാഹ്വാനം (Special vocation) നിവർത്തിതമാക്കാനാണു്. ഈ അനന്യാഹ്വാനം സ്വീകരിച്ചു് അവന്റെ പ്രത്യേകജീവിതദൗത്യം സ്വീകരിക്കുന്നതിനുള്ള വെറും ഉപാധികളാണു് ഓരോ വ്യക്തിയെ സംബന്ധിച്ചും മറ്റെല്ലാ ദൈവകാഹ്വാനങ്ങളും. ജീവിതാഹ്വാനത്തിലൂടെ അസ്തിത്വം പ്രാപിച്ചു് മറ്റെല്ലാ ദൈവികാഹ്വാനങ്ങളിലൂടെയും ബോധപൂർവ്വം നേരായ രീതിയിൽ കടന്നു്, അനന്യാഹ്വാനം സ്വീകരിച്ചു കഴിയുമ്പോഴാണു് മാത്രമേ വത്തിക്കാൻ കൗൺസിൽ പറയുന്ന സമ്പൂർണ്ണാഹ്വാനം (Total vocation) (5) ഒരുവൻ സ്വീകരിക്കുന്നുള്ളു. യഥാർത്ഥത്തിൽ ഓരോ വ്യക്തിയും ഈ സമ്പൂർണ്ണാഹ്വാനത്തിനു് ചെവികൊടുക്കയും അതു ജീവിക്കയും ചെയ്യേണ്ടതാണു്. വ്യക്തിയുടെ ആത്യന്തികമായ സമ്പൂർണ്ണതയാണു് 'വൊക്കേഷൻ' എന്നു് മനശാസ്ത്രജ്ഞൻ പറയുമ്പോഴും ഈ സമ്പൂർണ്ണാഹ്വാനത്തെയാണു് അയാളും ഉന്നുന്നതു്. വ്യക്തിയുടെ ക്രിയാത്മകത മുഴുവന്റെയും ആകെത്തുകയാണു് ഈ ദൈവാഹ്വാനം. യഥാർത്ഥത്തിൽ, വൈരുദ്ധ്യങ്ങളും, വികലതകളും സമ്മേളിച്ച വ്യക്തിത്വത്തിലുള്ള വൈവിധ്യങ്ങളെയും സംഘട്ടനങ്ങളെയും എല്ലാം സംയോജിപ്പിച്ചുകൊണ്ടു് മനുഷ്യമനസ്സിനെയും ഹൃദയത്തെയും ഒരേ നൂലിൽ കോർത്തിണക്കി, വ്യക്ത

(5) Church today. 35.

മായ ഒരു ലക്ഷ്യത്തിലേയ്ക്കു് നയിക്കുകയാണു് വ്യക്തിയുടെ ജീവിതദൗത്യം.

## പൊതു ആഹ്വാനം

എല്ലാവക്കും പൊതുവിൽ ഒരു ദൈവാഹ്വാനമുണ്ടു്. ക്രിസ്തുവിനെ ധരിക്കുവാൻ, അങ്ങേയ്ക്കു സാക്ഷികളാകാൻ. മാപ്പാപ്പായ്ക്കും, മെത്രാനും, വൈദീകനും, സന്യാസിക്കും, അത്മായനും ഇതു് നിർബ്ബന്ധമാണു്, പൊതുവാണു്. എല്ലാവരും ഇപ്രകാരം, ക്രിസ്തുവിനെ ലോകത്തിലേയ്ക്കു് ആവഹിക്കണം; ക്രിസ്തു ലോകത്തിൽ ജീവിക്കാൻ സഹകരിക്കണം; പോരാ, നമ്മുടെ ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ചരിത്രത്തിൻെറ ഈ ഘട്ടത്തിൽ ജീവിപ്പിക്കണം. എല്ലാ സാമൂഹ്യബന്ധങ്ങളിലേയ്ക്കും, കുടുംബത്തിലേയ്ക്കും വിദ്യാഭ്യാസത്തിലേയ്ക്കും, സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ വ്യവസ്ഥിതികളിലേയ്ക്കും, അവസാനമായി കായിക-ഉല്ലാസരംഗങ്ങളിലേയ്ക്കും ക്രിസ്തുവിനെ നാം ആവഹിക്കണം. പോരാ മതാത്മക രംഗങ്ങളിലേയ്ക്കും ക്രിസ്തുവരണം, ജീവിക്കണം ഇതെല്ലാം പൊതുലക്ഷ്യമാണു്; എല്ലാവരുടെയും കത്തവ്യമാണു്.

## എന്നെ ആവശ്യമുണ്ടു്

നാം ഇവിടെ അന്വേഷിക്കുന്നതു് എല്ലാവക്കും പൊതുവായ ലക്ഷ്യത്തിനു് അപ്പുറം ഓരോ വ്യക്തിക്കും മാത്രമുള്ളതും അവനല്ലാതെ മററാക്കും ഇല്ലാത്തതുമായ പ്രത്യേക ദൈവാഹ്വാനത്തെയാണു്. ഇങ്ങനെയൊന്നു് ഉണ്ടോ? ഉണ്ടാകാമോ? സർവ്വചരാചരങ്ങൾക്കും ഇത്ര പരിപൂർണ്ണമായ ക്രമീകരണം നിശ്ചയിച്ചിട്ടുള്ള ദൈവം സ്വന്തച്ഛായയിലും രൂപത്തിലും സൃഷ്ടിക്കുന്ന ഓരോ വ്യക്തിയേക്കുറിച്ചും എന്തുമാത്രം പ്ലാൻ ചെയ്തിരിക്കണം! സുഭാഷിതം പരാമർശിക്കുന്നതുപോലെ, ഭൂമി ഉണ്ടാകുന്നതിനു മുൻപുതന്നെ ഞാൻ രൂപീകരിക്കപ്പെട്ടിരുന്നു. ഓരോ വ്യക്തിയും നിത്യകാലം ദൈവ

ത്തിലായിരുന്നു. മറിയം പറയുന്നതുപോലെ ലോകത്തെ സൃഷ്ടിക്കുന്നതിനു മുൻപ്, കടലിനും കരയ്ക്കും അതിരു നിശ്ചയിക്കുന്നതിനു മുൻപ് ഞാൻ ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്നു. ദൈവത്തിന്റെ മനസ്സിൽ ഞാനുണ്ടായിരുന്നുവെങ്കിൽ എന്നെക്കുറിച്ച് ദൈവത്തിനൊരു മനഃപ്ലാൻ ഉണ്ടായിരുന്നു; എന്നെക്കൊണ്ട് അങ്ങേയ്ക്ക് ഒരു ഉദ്ദേശമുണ്ടായിരുന്നു. ഈ ഉദ്ദേശം ഞാൻ മനസ്സിലാക്കി ജീവിക്കുന്നതിനായിട്ടാണ് എന്നെ അവിടുന്ന് പലേ സംഭവ്യതകളിൽ (Posibilities) നിന്നും പ്രത്യേകം തെരഞ്ഞെടുത്തത്. എന്നെക്കൊണ്ട് ഉദ്ദേശ്യമില്ലായിരുന്നെങ്കിൽ, പ്രയോജനമില്ലായിരുന്നെങ്കിൽ, എനിക്കു ദൈവം ജന്മം തരികയില്ലായിരുന്നു. ഞാൻ വൃഥാ, ആർക്കും ആവശ്യമില്ലാതെ, ലോകത്തിൽ വലിഞ്ഞുകയറി വന്നവനല്ല. എന്നെ വിളിച്ചിട്ടുമാത്രം വന്നതാണ്—വിളിച്ച ജോലി ചെയ്യാൻവേണ്ടി വന്നതാണ്. അത് തീർത്തും വ്യക്തിപരമായ (personal) കർത്തവ്യവുമാണ്. എനിക്ക് അതു മറ്റൊരാളെ ഏല്പിക്കുവാൻ പാടില്ല.

## ബലവശ്യമാണ്

ഇനി എന്താണീ ദൗത്യം? അത് ഞാൻ തുടർച്ചയായുള്ള പ്രാർത്ഥനയിൽ അന്വേഷിക്കേണ്ടതാണ്. തന്മൂലമാണ് ജീവിതം ഒരന്വേഷണമാണെന്നു നാം മുൻപ് പറഞ്ഞത്. ഓരോ വ്യക്തിയുടെയും സാഹചര്യവും, കഴിവും, കഴിവുകേടും എല്ലാം കണക്കിലെടുത്തുകൊണ്ട് ഒരുവൻ അന്വേഷിക്കണം. പലപ്പോഴും തന്റേടവും, ധീരതയും, നിർഭയത്വവും, കൈമുതൽ ആവശ്യമുള്ളതായിരിക്കും ഈ ദൗത്യം ചിലപ്പോഴെങ്കിലും, ചിലരുടെയെങ്കിലും കഴിവിന്റെ ആധിക്യത്തിൽമാത്രം, പീഡാനുഭവത്തിലൂടെയും, പരിത്യക്തതയിലൂടെയും, കൈപ്പേറിയ അനുഭവങ്ങളിലൂടെയും, നേടിയെടുക്കേണ്ടതായിരിക്കും ഈ ലക്ഷ്യം. സാമാന്യമായി ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തിന്റെ പ്രൊഫുല്ലതയാണ്, പരിപൂർണ്ണതയാണ് ഈ ദൗത്യം.

## എനിക്കുമാത്രം

ഓരോ വ്യക്തിയെ സംബന്ധിച്ചും വ്യക്തിത്വത്തിൻെറ പൂർണ്ണത പ്രാപിക്കേണ്ട മാർഗ്ഗം ഓരോന്നായിരിക്കും. ഒരാറം സഹിച്ചുകൊണ്ടു്, ഒരാറം സുഖിച്ചുകൊണ്ടു്, ഒരാറം വേലചെയ്തുകൊണ്ടു്, മറെറാരാറം വേല ചെയ്യിച്ചുകൊണ്ടു്, ഒരാറം ഭരിച്ചുകൊണ്ടു്, ഇതരൻ അനുസരിച്ചുകൊണ്ടു്. ഇതിൽ ഏതാണു് തൻേറതെന്നു് ഓരോരുത്തരും മനസ്സിലാക്കി സ്വീകരിക്കണം. സൗരയൂഥത്തിൻെറ ഉദാഹരണം അനന്യ ദൈവാഹ്വാനം വിശദീകരിക്കാൻ ഉപയുക്തമാണു്. എല്ലാ ഗ്രഹങ്ങളും സൂര്യനാൽ ആകർഷിക്കപ്പെട്ടു്, സൂര്യനെ ചുററി ഭ്രമണം ചെയ്യുന്നു. എന്നാൽ ഓരോന്നിനും അതതിൻെറ പ്രത്യേകം പ്രത്യേകം ഭ്രമണപഥങ്ങളും, പ്രത്യേകം പ്രത്യേകം സ്വഭാവഗുണങ്ങളും, പ്രത്യേകം പ്രത്യേകം ഉപഗ്രഹങ്ങളുമുണ്ടു്. അതുപോലാണു് ഓരോ വ്യക്തിയും. മറെറാരുദാഹരണം പറഞ്ഞാൽ, ഒരു സഭയിലെ അംഗങ്ങളെല്ലാം സന്യാസികളാണു്, പക്ഷേ, ഓരോ സന്യാസിക്കും അവനവൻെറ പ്രത്യേക ജീവിതദൗത്യം നിർവ്വഹിക്കേണ്ടതായുണ്ടു്. എല്ലാവക്കും ഒരേ ദൗത്യമല്ല. എല്ലാവരും സന്യാസികളായതുകൊണ്ടു ഓരോരുത്തരുടെയും ദൈവികാഹ്വാനം സംതൃപ്തമാകുന്നില്ല, സമ്പൂർണ്ണമാകുന്നില്ല ഏതോ ഒരു പ്രത്യേക ദൗത്യം നിർവ്വഹിക്കാനാണു് ഞാനും സന്യാസിയായതു്; മററാക്കും ചെയ്യാൻ സാധിക്കാത്ത ഒന്നു്. മറെറാരാറംക്കു സാധിക്കുമായിരുന്നുവെങ്കിൽ എന്നെ ദൈവം സന്യാസത്തിലേയ്ക്കു വിളിക്കേണ്ട ആവശ്യമില്ലായിരുന്നു. മുൻപേ സഭയിലുണ്ടായിരുന്ന ആരേ എങ്കിലും കൊണ്ടു ചെയ്യിക്കുമായിരുന്നു. സന്യാസിയായി, അഥവാ, വൈദികനായി എന്നുറച്ചു് സംതൃപ്തരായി കഴിയുന്നവർ യഥാർത്ഥത്തിൽ തങ്ങളുടെ ദൈവാഹ്വാനം ജീവിക്കുന്നില്ല. അവർ വിശുദ്ധരാകയുമില്ല. നമ്മുടെ നാട്ടിലെ സന്യാസരൂപവത്ക്കരണത്തിൻെറ ഒരു വലിയ വികലതയാണിതു്. നവസന്യാസ കാലഘട്ടവും, പരിശീല

നനസമയവും ഒക്കെ സ്വന്ത ജീവിതദൗത്യം കണ്ടുപിടിക്കാനുള്ള പരിശ്രമത്തിലായിരിക്കണം ഓരോ സന്യാസിയും.

## മനസ്സിലാക്കണം

ജീവിതദൗത്യം മനസ്സിലാക്കാതെയും അതനുസരിച്ചു ജീവിക്കാതെയും മുന്നോട്ടു നീങ്ങുന്ന ജീവിതം തകർച്ചയിലേ അവസാനിക്കു. അതു നിരർത്ഥകമാണ്. ജീവിതലക്ഷ്യം മനസ്സിലാക്കാത്തതിന്റെയും, അതു പിൻചെല്ലാത്തതിന്റെയും പരിണിതഫലമാണ് ഇന്നു സാമാന്യം കാണാറുള്ള സന്യാസത്തിലെ അസംതൃപ്തിയുടെയും അസമാധാനത്തിന്റെയും മൂലകാരണം. പ്രത്യേക ദൗത്യത്തോടെ, ഒരിടത്തേയ്ക്കു സ്വന്ത മകനെ പറഞ്ഞയച്ച പിതാവ് എന്താണു പ്രതീക്ഷിക്കുക? തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യത്തെക്കുറിച്ച് യാതൊരു ചിന്തയുമില്ലാതെ കുറച്ചുനാൾ അലസമായി ജീവിച്ചതിനുശേഷം, അല്ലെങ്കിൽ സ്വന്ത ഇഷ്ടമോ, മററുള്ളവരുടെ ഇഷ്ടമോ നിർവ്വഹിച്ചതിനുശേഷം, മടങ്ങിവരുന്ന മകനെ പിതാവ് എങ്ങനെ സ്വീകരിക്കും? വ്യക്തമായ ആശയത്തോടും പ്രതീക്ഷയോടും ദൗത്യത്തോടുംകൂടിയാണ് ദൈവം ഓരോ മനുഷ്യനെയും സൃഷ്ടിച്ചിറക്കി ലോകത്തിലേയ്ക്കു വിട്ടിരിക്കുന്നത്. താൻ ഏല്പിച്ച ദൗത്യം നിർവ്വഹിക്കാതെ പിതാവിൻ പക്കലേയ്ക്കു തിരിച്ചു ചെല്ലുന്ന പുത്രൻ പിതാവിനെ സംതൃപ്തനാക്കാൻ അശക്തനായിരിക്കുമെന്നതു് വെറും പരമാർത്ഥമാണല്ലോ.

## വി. ഗ്രന്ഥസാക്ഷ്യം

ഓരോ വ്യക്തികളെ സംബന്ധിച്ചും അവനു പ്രത്യേകമായ ജീവിതദൗത്യം ഉണ്ടെന്നുള്ളതിനു് വി. ഗ്രന്ഥം സാക്ഷിയാണ്. പഴയനിയമത്തിൽ അബ്രാഹമിനും, മോസസിനും, അഹറോനും, ജോഷ്വായ്ക്കും, സാവൂളിനും, ദാവീദിനും, ശ്ലേമോനും ഓരോ പ്രത്യേക ജീവിതദൗത്യം ഉണ്ടായിരുന്നതായിക്കാണാം. പുതിയനിയമത്തിലേയ്ക്കു കടന്നാൽ ക്രിസ്തുവിനു് ഒരു ദൗത്യമുണ്ടായിരുന്നു

അവിടുന്നു വ്യക്തമാക്കുന്നുണ്ട്. അങ്ങേയ്ക്കു മുങ്ങുവാനുള്ള 'മാമ്മോദീസാ' (Luke 12: 50) അതായിരുന്നു ആ ദൗത്യം. അതു മുങ്ങുന്നതുവരെ അവിടുന്നു മരണവേദന അനുഭവിച്ചിരുന്നു. അതുപോലെതന്നെ മറിയത്തിനും യൗസേപ്പിനും ഓരോ ജീവിത ദൗത്യങ്ങൾ ഉണ്ടായിരുന്നു. ശ്ലീഹന്മാർ പന്ത്രണ്ടുപേരുണ്ടായിരുന്നു വെങ്കിലും, അവർ ഒരു സമൂഹമായിരുന്നുവെങ്കിലും, ഓരോ രുത്തർക്കും പ്രത്യേകം പ്രത്യേകം ജീവിതദൗത്യങ്ങൾ ഉണ്ടാ യിരുന്നുവെന്നുള്ളതു് വി. ഗ്രന്ഥത്തിൽനിന്നും സുവിദിതമാണു്. വി. പത്രോസ് സഭയുടെ അടിസ്ഥാനക്കല്ലാകാനായിരുന്നു ദൈ വനിശ്ചയം, സ്നേഹത്തിന്റെ ശ്ലീഹായായ വി. യോഹന്നാൻ ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ ആഴത്തിലേയ്ക്കിറങ്ങി അതിൽ മുങ്ങിക്കളിക്കുവാനുള്ളവയായിരുന്നു. എല്ലാവരും ശ്ലീഹന്മാരായി രുന്നു; പക്ഷേ പ്രത്യേകം പ്രത്യേകം ദൗത്യം നിർവ്വഹിക്കാനവർക്കു് ഉണ്ടായിരുന്നു.

വി. പൗലോസിന്റെ കാര്യത്തിൽ ഇതു് വളരെ തെളിവാ ണു്. മററപ്പസ്തോലന്മാരേപ്പോലെ അദ്ദേഹവും പ്രസംഗിച്ചു. പ ക്ഷേ, അദ്ദേഹത്തിന്റെ പ്രത്യേകവിളി, ജീവിതദൗത്യം, പുറജാ തികളുടെ ഇടയിൽ ക്രിസ്തുവിനെ അറിയിക്കുക എന്നുള്ളതായി രുന്നു. (Gal. 1: 15-16; 2 7)

വീണ്ടും വി. പൗലോസ് ഈ വ്യക്തിപരമായ ദൗത്യത്തെ ക്കുറിച്ചു പരാമർശിക്കുന്നുണ്ടു്. ദൈവം ചിലരെ അപ്പസ്തോലന്മാ രായും, മററു ചിലരെ അധ്യാപകരായും വേറെ ചിലരെ ഭരണ കർത്താക്കളായും, കുറച്ചു പേരെ രോഗശുശ്രൂഷകരും പാവപ്പെട്ടവ രെയും ആവശ്യക്കാരേയും സഹായിക്കുന്നവരായും നിയമിച്ചിരി ക്കുന്നു. (Eph. 4. 11) ഓരോരുത്തർക്കും പ്രത്യേക ദാനം നല്കി യിട്ടുള്ളതായി അദ്ദേഹം പറയുന്നു (1. cor. 7. 7). പ്രത്യേക ദാനങ്ങൾ പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ആയിരിക്കുമല്ലോ നല്ക പ്പെടുക. വീണ്ടും അസന്നിഗ്ധമായി അദ്ദേഹം പറയുന്നു 'ഓ രോരുത്തനും ദൈവം അവനെ വിളിച്ചിരിക്കുന്നതുപോലെയും ന

ടക്കട്ടെ' (1 cor. 7: 17). ഓരോരുത്തനും അവനെ വിളിച്ച വിളിയിൽ നിലനില്ക്കുവാനും, അതിൽനിന്നും അണുവിട മാറാതിരിക്കുവാനും അദ്ദേഹം നിർദ്ദേശിക്കുന്നു (1 cor. 7: 18-22). മൗതികശരീരത്തിൻെറ ദൈവശാസ്ത്രം പ്രതിപാദിക്കുന്നിടത്ത് ഓരോ വ്യക്തിയ്ക്കും പ്രത്യേകം പ്രത്യേകം ജീവിതദൗത്യം (Rom. 12: 4-8) ഉണ്ടെന്നു് വ്യക്തമാക്കിയിട്ടുണ്ടു്.

ദൈവം നമ്മിലോരോരുത്തരോടും കാണിക്കുന്ന വ്യക്തിപരമായ താല്പര്യം (ലൂക്കാ 12: 6-7) തീർച്ചയായും ഒരു പ്രത്യേക ഉദ്ദേശത്തെ ഉന്നംവച്ചുകൊണ്ടുള്ളതാണു്. "നിത്യകാലം ഓരോ വ്യക്തിയേക്കുറിച്ചും ദൈവമനസ്സിലുള്ള ചിന്ത"യാണു് വ്യക്തിപരമായ ജീവിതദൗത്യമെങ്കിൽ അതു കണ്ടു പിടിക്കുമ്പോഴും അതു പൂർത്തിയാക്കുമ്പോഴുമാണു് ഒരുവൻെറ ജീവിതത്തിനു് അർത്ഥം ഉണ്ടാകുക. ഇതു ജീവിതത്തിനു് വ്യക്തമായ ലക്ഷ്യവും, പരിപാടിയും ചൈതന്യവും നൽകുന്നു. ഈ ദൗത്യനിർവ്വഹണത്തിൽ മാത്രമേ ഒരുവനു് മാനസികസംതൃപ്തി കരഗതമാകയുള്ളു.

## യാതൊന്നും വഘാതമല്ല

വസ്തുനിഷ്ഠമായി ഈ ദൈവീകദൗത്യം മനസ്സിലായാൽ ഓരോ വ്യക്തിയും അതിൻെറ പൂർത്തീകരണത്തിനായി പരിശ്രമിക്കണം. ഇതിൻെറ യാഥാർത്ഥ്യവത്ക്കരണത്തിനു് വിഘാതമായി ഒരു ശക്തിക്കോ, ഒരു പ്രസ്ഥാനത്തിനോ, ഒരു വ്യവസ്ഥിതിക്കോ വിലങ്ങടിച്ചു നില്ക്കുക സാധ്യമല്ല. നില്ക്കുന്നതു ശരിയുമല്ല. അധികാരികൾപോലും, ഓരോ വ്യക്തിയേ സംബന്ധിച്ചും ദൈവത്തിൻെറ പ്ലാൻ, അംഗീകരിക്കുകയും പരിശുദ്ധമായ ഒരു ബഹുമാനത്തോടുകൂടി ആ ദൗത്യനിർവ്വഹണത്തിനു് സഹായിക്കുകയും ചെയ്യണം. ഇഷ്ടമുണ്ടെങ്കിലും ഇഷ്ടമില്ലെങ്കിലും അതിനു വിലങ്ങടിച്ചു നില്ക്കാൻ അധികാരികൾ മുതിരരുതു്. വിലങ്ങടിച്ചു നിന്നാൽ, ഈ ദൗത്യത്തിൻെറ പേരിൽ അധീനരെ ഞെരുക്കി

യാൽ, അതു് പരിശുദ്ധാത്മാവിനെതിരായ ഒരപരാധമായിരി ക്കും. ഓരോ വ്യത്തിയേയും ദൈവം അധികാരികളെ ഏല്പിച്ചി രിക്കയാണു്. തങ്ങളുടെ ഇഷ്ടംപോലെ വ്യക്തികളെ കുഴച്ചു മറിക്കാനല്ല. മറിച്ചു് വ്യക്തികളുടെ ദൈവാഹ്വാനം അനുസ രിച്ചു് ജീവിക്കാൻ അവരെ സഹായിക്കുവാൻ മാത്രം; അതിൽ നിന്നും പാളിച്ച സംഭവിക്കാതെ സംരക്ഷിക്കാൻമാത്രം. ഒരു അ ധികാരി സഭയെ സ്നേഹിക്കുന്നതിലും കൂടുതൽ, അറിയുന്നതിലും കൂടുതൽ ക്രിസ്തു സഭയെ സ്നേഹിക്കയും അറിയുകയും ചെയ്യുന്നു. അതിൻെറ വെളിച്ചത്തിലാണു് ഓരോരുത്തൎക്കും ഓരോ പ്രത്യേക ആഹ്വാനവും ദൗത്യവും നല്കീയിരിക്കുന്നതു്. അതു വളരണം; വളൎത്തണം. അതിനു വളമിട്ടുകൊടുക്കുകമാത്രം മററുള്ളവർ ചെ യ്യുക ഓരോ അധീനനും ഓരോ വ്യക്തിത്വമുണ്ടു്. ആ വ്യക്തി ത്വത്തെ നശിപ്പിക്കാനല്ല, പൂൎണ്ണമാക്കാനും അതിസ്വാഭാവത് ക്കരിക്കാനും (Supernaturalize) ഉള്ളതാണു്. അവരവരുടെ വ്യക്തിത്വവും കഴിവുകളും വളൎത്തിയെടുക്കാനുള്ള ഒരു സാഹ ചര്യം ഓരോ സമൂഹവും ഓരോ വ്യക്തിക്കും നല്കണം. എ ങ്കിൽമാത്രമേ തങ്ങളുടെ ദൗത്യത്തിൽ സമ്പൂൎണ്ണമായ ഒരു സംതൃപ്തി അനുഭവവേദ്യമാകയുള്ളു. ഈ സംതൃപ്തി നല്കുന്ന ഏജൻസീകാം മാത്രമാണു് അധികാരികളും സമൂഹങ്ങളും.

## മാൎഗ്ഗദീപങ്ങൾ

തൻെറ പ്രത്യേക ദൗത്യം നിൎവ്വഹിക്കുകയാണു് ഒരുവനെ സംബന്ധിച്ചു് പരിപൂൎണ്ണതയും വിശുദ്ധിയും, ഇതിൻെറ നിൎവ്വ ഹണത്തിനായി രക്തസാക്ഷിത്വം അനുഭവിക്കേണ്ടിവന്നാലും അതു കൂടുതലല്ല. ഒരുവൻെറ ജീവിതസാഫല്യം അതാണല്ലോ. ഇപ്ര കാരം ജീവിതം ബലി കഴിച്ചവളാണു് ജോവാൻ ഓഫ് ആൎക്കു്. തൻെറ ദൗത്യം ഇതരൎക്കു് ഇഷ്ടമല്ലായിരിക്കും; പലരും എതിൎക്കും; പലരും വ്യാജപ്രസ്താവനകളിലൂടെ തേജോവധം ചെയ്യും. ഈ എതിൎപ്പിനെയെല്ലാം പരാജയപ്പെടുത്തിക്കൊണ്ടു് മുന്നേറണം.

ആവിലായിലെ ത്രേസ്യയുടെ നവീകരണദൗത്യം ഇപ്രകാരമുള്ള ഒന്നായിരുന്നു. റേഡിയം കണ്ടുപിടിക്കുകയെന്ന ദൗത്യത്തിനായി പണവും ജീവിതസുഖവും ബലികഴിച്ചവളാണ് മാഡംക്യൂറി. സ്വന്തദൗത്യനിർവ്വഹണത്തിന് ജീവിതവൃത്തികൾ വിഘാതമെങ്കിൽ അതു വലിച്ചെറിയാൻ കരുത്തുവേണം. കല്ക്കട്ടായിലെ ലൊറേറ്റോമഠത്തിൽ തന്റെ ജീവിതലക്ഷ്യം പ്രാപിക്കുക സാധ്യമല്ലെന്നു കണ്ടപ്പോൾ മഠം ഉപേക്ഷിച്ച് കല്ക്കട്ടായിലേ കുടിലുകളിലേക്കിറങ്ങിയ മദർ തെരസ്സായും ജീവിതദൗത്യത്തിന്റെ മറ്റൊരു മാതൃകയാണ്. ചുരുക്കത്തിൽ എതൊരെതിർപ്പിനേയും അതിജീവിച്ചുകൊണ്ട്, പ്രിയങ്കരങ്ങളായ എല്ലാം ഉപേക്ഷിച്ചുകൊണ്ട്, ജീവിതദൗത്യം നിർവ്വഹിക്കുവാനുള്ള നമ്മുടെ ചുമതല നമുക്ക് മാർഗ്ഗദീപമരുളണം.

## നട്ടെല്ലുവേണം

ചില സന്യാസികളെ കണ്ടിട്ടുണ്ട്. അധികാരികൾ പറഞ്ഞതിന്റെ പേരിൽ ജീവിതദൗത്യം ഉപേക്ഷിച്ച് മററു രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ. അവരുടെ അസ്തിത്വത്തിൽതന്നെ അവക്ക് വിരസതയും അനിഷ്ടവുമാണ്. അധികാരി പറഞ്ഞതിന്റെ പേരിൽ, ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും നേരിടാനുള്ള വൈമുഖ്യത്തിന്റെ പേരിൽ, സ്വന്ത ജീവിതദൗത്യം മറക്കുകയും മറികടക്കുകയും ചെയ്യുന്നവർ ഇതു ശരിയല്ല. അധികാരിയല്ല ഒരുവനെ സന്യാസത്തിലേയ്ക്കു വിളിച്ചതു്. വിളിച്ചവൻ ദൈവമാണ്. എന്തിനു വിളിച്ചോ അതു നിർവ്വഹിക്കയാണ് ഓരോരുത്തരുടെയും കടമ. ആത്യന്തികമായി നാം അനുസരിക്കേണ്ടതു ദൈവത്തെയാണ്. ആ പ്ലാൻ നാം മനസ്സിലാക്കുന്നതു് പ്രാർത്ഥനയിലൂടെയും, അധികാരികളിലൂടെയും മിത്രങ്ങളിലൂടെയും ശത്രുക്കളിലൂടെയും ഒക്കെയാണ്. പക്ഷേ ക്രിസ്തുവിനെപ്പോലെ നാമും പറയണം. "മുകളിൽനിന്നും നിനക്കു തരപ്പെട്ടില്ലായിരുന്നുവെങ്കിൽ നിനക്ക് എന്റെമേൽ യാതൊരധി

കാരവും ഉണ്ടാകയില്ലായിരുന്നു'' (John. 19; 11) എന്നു്. ദൈവദൗത്യം നാം അസന്നിഗ്ദ്ധമായി കണ്ടാൽ നമുക്കതന്നെ ഇഷ്ടമല്ലെങ്കിലും നാം അതു നിവ്വഹിക്കണം. അതിനു് ആരും തടസ്സമാകരുതു്. വി. പത്രാസ് യഹൂദപുരോഹിതന്മാരോടു് പറഞ്ഞതുപോലെ (Acts. 4: 18-19) നാം പറയാനും പ്രവർത്തിക്കാനും ശക്തി ഉള്ളവരായിത്തീരണം. ക്രിസ്തുവിൻെറ മാനദണ്ഡം (John. 8 29) തന്നെ ഇക്കാര്യത്തിൽ നാം മാതൃകയായി സ്വീകരിക്കണം. മരണംപോലും ജീവിതദൗത്യത്തിൽ നിന്നു് നമ്മെ പിൻതിരിപ്പിക്കരുതു്. ക്രിസ്തു എപ്രകാരമാണു് മരണത്തെപ്പോലും മറന്നുകൊണ്ടു് ജെറുസലേമിലേക്കും, ബഥാനിയായിലേക്കും പോയതെന്നു് വി. ഗ്രന്ഥം സാക്ഷ്യം വഹിക്കുന്നു.

## ഭിന്നത ആവശ്യം

ജീവിതദൗത്യങ്ങൾ പലക്കും പലതാണല്ലോ. ഇതിൻെറ പേരിൽ കുടുംബങ്ങളിലും സമൂഹങ്ങളിലും സന്യാസഭവനങ്ങളിൽപോലും അനാശാസ്യങ്ങളായ അസ്വസ്ഥതകൾ ഉളവാകാറുണ്ടു്. ഇതുണ്ടാകുമെന്നു് ക്രിസ്തു സുവ്യക്തമായി മുൻകൂട്ടി പഠിപ്പിച്ചിട്ടുണ്ടു്. അവിടുന്നു് സമാധാനം സ്ഥാപിക്കാനല്ല ഭിന്നത സ്ഥാപിക്കുവാനാണു് ആഗതനായതു്. (Loke. 12: 51-53; Mathew 10; 34-38). ജീവിതദൗത്യമേകുന്ന കരിശും പേറി പോകുമ്പോൾ അപ്പനും അമ്മയുംപോലും കൂടുതൽ ശ്രദ്ധാവിഷയമാകരുതു് എന്നതാണു് ഞങ്ങ ഉപദേശം മാത്രമല്ല, ഈ ജീവിതദൗത്യനിർവ്വഹണം എപ്പോഴുമല്ലെങ്കിൽ ചിലപ്പോഴെങ്കിലും കടുത്ത പീഡാനുഭവമായിരിക്കും, കരിശുമരണമായിരിക്കും (Mark. 13. 9; 12-13). പക്ഷേ, പിൻതിരിയരുതു്. കാരണം സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നു ബലവാന്മാർ മാത്രമേ അതു കരസ്ഥമാക്കുന്നുള്ള

## ഒളിച്ചോട്ടം പാടില്ല

ഈ ജീവിതദൗത്യം മാററി മറിക്കാൻ നമുക്കോ, ലോകത്തിൽ ആർക്കെങ്കിലുമോ അവകാശമില്ലെന്നു നാം മുൻപു കണ്ടു.

ജോൺ. എഫ്. കെന്നഡി പറഞ്ഞതുപോലെ 'ഈ ലോകത്തിൽ ദൈവത്തിൻെറ ജോലി തീർത്തും നമ്മുടെതാണെന്ന' ബോധ്യത്തോടെ ദൈവം നമ്മേ ഏല്പിച്ചദൗത്യം നാം നിവർത്തിക്കണം. ഇതിന്നു പരിപക്വമായ തീരുമാനങ്ങൾ എടുക്കാൻ നാം പ്രാപ്തരാകണം. ഇപ്രകാരമൊരു തീരുമാനം എടുക്കാൻ മനസ്സില്ലാത്തവൻ തൻെറ ജീവിതത്തിൻെറതന്നെ ചുമതല സ്വീകരിക്കാൻ മടിക്കുന്നവനത്രേ.

ചിലരുണ്ട്, തീരുമാനങ്ങൾ എല്ലാം അധികാരിയേയോ മററു ബന്ധപ്പെട്ടവരെയോ ഏല്പിച്ചിട്ട് ജീവിതത്തിൻെറ പ്രതലത്തിൽനിന്നും ഒളിച്ചോടുന്നവർ. അധികാരി പറഞ്ഞു, അവർ പഠിപ്പിക്കുന്നു; അധികാരി പറഞ്ഞു, അവർ നേഴ്സായി; അധികാരി പറിഞ്ഞു, അവർ കുശിനിപ്പണി ചെയ്യുന്നു ജീവിതത്തിൻെറ തീരുമാനങ്ങൾ മററുള്ളവരേ ഏല്പിച്ചിട്ടുള്ള ഈ ഒളിച്ചോട്ടം (escapism) ജീവിതത്തെ തകരാറിലാക്കും. ഒരുവനെക്കുറിച്ചുള്ള ജീവിതത്തിൻെറ ചുമതല മററൊരുവന് സമ്പൂർണ്ണമായി വിട്ടുകൊടുക്കാൻ നിവൃത്തിയില്ല. അവസാനം, മരണത്തിൽ ആരും നമ്മെ സഹായിക്കയില്ല. അപ്പോൾ നാം സ്വയം തീരുമാനമെടുക്കണം. ദൈവത്തോട് നാം മാത്രമാണു കണക്കു കേൾപ്പിക്കേണ്ടതു്. 'കണക്കന്മാർ' ആയിട്ട് മററാരും നമ്മുടെ 'പേരേട്ടം' 'നാൾവഴി'യുമായി നമ്മുടെ സഹായത്തിനെത്തുകയില്ല. മററ ചിലർ അപ്പപ്പോൾ എടുക്കേണ്ട തീരുമാനങ്ങളിൽനിന്നും അതിനെ ആശ്രയിച്ച് നിർവ്വഹിക്കപ്പെടേണ്ട ജീവിതദൗത്യങ്ങളിൽനിന്നും ഒളിച്ചോടുന്നതു് മററവിധത്തിലാണു്. എൽ. എസ്. ഡി, കാനിബസ്, മുതലായ മയക്കമരുന്നുകൾ, മദ്യം, ചൂതുകളി, വിഷയലമ്പടത്വം, സിനിമാ, മുതലായവയുടെ ബഹളത്തിൽ സ്വയം വിസ്മരിക്കാൻ ശ്രമിക്കുന്നു. മററ ചിലർ പരാജയ മനോഭാവത്തോടെ ആത്മഹത്യ ചെയ്യുന്നു. ഇതൊക്കെ ജീവിതദൗത്യ നിർവ്വഹണത്തിൽനിന്നുമുള്ള ഒളിച്ചോട്ടങ്ങളാണു്.

## ആർക്കും സാധിക്കും

വികലാംഗക്കും, നിത്യരോഗികൾക്കും, വയോവൃദ്ധക്കും, മാനസികവികലർക്കും ഒക്കെ ഓരോ ജീവിതദൗത്യമുണ്ട്. ദൈവത്തിനു് അവരെക്കൊണ്ട് ഓരോ ഉദ്ദേശ്യമുണ്ട്. അങ്ങനെ ഒന്നില്ലായിരുന്നുവെങ്കിൽ അവരുടെ അസ്തിത്വം ദൈവം ഈ ഭൂമിയിൽ അവസാനിപ്പിക്കുമായിരുന്നു. യഥാർത്ഥത്തിൽ, ജീവിതത്തിന്റെ അർത്ഥവും ആഴവും പരപ്പും മനസ്സിലാക്കിക്കൊണ്ടുള്ള ജീവിതസ്വീകരണ (acceptance of life) മാണ് മനുഷ്യന് സംതൃപ്തിദായകമായുള്ളത്. സ്വാതന്ത്ര്യത്തിന്റെ പാവനശക്തി എന്നും വ്യക്തിയ്ക്കുള്ളതാണ്, അതു നശിക്കാത്തിടത്തോളം കാലം ഓരോ മനുഷ്യനും അവന്റെ ജീവിതദൗത്യം നിർവ്വഹിക്കാൻ സാധിക്കും. കോൺസെൻട്രേഷൻ ക്യാമ്പിൽ ഡെയിട്രിക്ക് ബോൺഹോഫറി (Dietrich Bonhoeffer) നും, (6) സന്യാസത്തിലെ തടങ്കലിൽ ഒരു യോഹന്നാൻ ക്രൂസിനും, ഏകാന്തതയിലും എത്തുപ്പിലും ഒരു തെയാർഡെഷാർഡിനും (Teilhard de Chardin) ബ്രിട്ടീഷ് ജയിലറയിൽ ഒരു മഹാത്മാഗാന്ധിക്കും, നിത്യരോഗശയ്യയിൽ ലീമായിലെ ഒരു റോസയ്ക്കും തെററിദ്ധാരണകളുടെയും രോഗത്തിന്റെയും കുപ്രചരണങ്ങളുടെയും ഇടയ്ക്ക് ഒരു അൽഫോൻസായ്ക്കും ജീവിതദൗത്യത്തിൽ ഉറച്ചുനില്ക്കാൻ സാധിച്ചു. അതിനുവേണ്ടതു് കറകളഞ്ഞ ധീരതയും, അവികലമായ ദൈവാശ്രയബോധവും, സുശക്തമായ ചുമതലാബോധവും, ശ്രദ്ധേയമായ തീരുമാനങ്ങളും മാത്രമാണ്. വ്യക്തമായ ജീവിതദൗത്യനിർവ്വഹണമാണ് വ്യക്തിയുടെ പൂർണ്ണത, വിശുദ്ധിയുടെ മാനദണ്ഡം, ജീവിതത്തിന്റെ അവിതർക്കിതമായ ലക്ഷ്യം. എന്റെ ജീവിതം ഒരു വിളിയാണ്—അതൊരു ദൗത്യനിർവ്വഹണത്തിനു മാത്രമാണ്—ആ ദൗത്യം എനിക്കുമാത്രമേ നിർവ്വഹിക്കാൻ സാധിക്കൂ

(6) James Peterson – Becoming.

## IV

# ഉപസംഹാരം

ക്രിസ്തീയവും, സന്ന്യാസോചിതവുമായ ഒരു രീതിയിൽ നാം വസ്തുതകൾ പ്രതിപാദിച്ചുവെങ്കിലും ഈ ദൈവാഹ്വാനവും, ജീവിതദൗത്യവും ലോകത്തിൽ ആരെ സംബന്ധിച്ചും ശരിയും വ്യക്തവുമാണ്. മനുഷ്യനായി ജനിക്കുന്നതു് ഈശ്വരാഹ്വാനമനുസരിച്ചാണെന്നു വിശ്വസിക്കുന്ന ആർക്കും, ഒരു പ്രത്യേകദൗത്യം അതോടു് സമഞ്ജസമായി സമ്മേളിപ്പിച്ചിട്ടുണ്ടെന്നു കാണാൻ വേഗം സാധിക്കും. ഇക്കാര്യത്തിൽ ജാതിയോ, മതമോ ഭാഷയോ, രാജ്യമോ ഒന്നും വിഘാതമല്ല. എല്ലാവർക്കും ഓരോരുത്തനും ഈ ജീവിതദൗത്യമുണ്ടു്.

എല്ലാ ഈശ്വരവിശ്വാസികൾക്കും സ്വീകാര്യമായ ഈ ആശയം ഓരോരുത്തനും മനസ്സിലാക്കുന്നതിനാണ് പ്രാധാന്യം കല്പിക്കേണ്ടതു്. ക്രിസ്ത്യാനി ആയി ജനിച്ചതുകൊണ്ടു്മാത്രം ആയില്ല. അവൻ ക്രൈസ്തവാഹ്വാനത്തിൻെറയും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ജീവിതദൗത്യത്തിൻെറയും സാരം മനസ്സിലാക്കി അതിൻെറ സമ്പൂർണ്ണത (plenitude) പ്രാപിക്കാൻ ശ്രമിക്കണം. അതു തന്നെയാണ്, മനുഷ്യനായി ജനിച്ചിട്ടുള്ള ഏതൊരു മതവിശ്വാസിയുടെയും ലക്ഷ്യം.

ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുന്നതിനു് വസ്തുനിഷ്ഠമായ ആത്മജ്ഞാനം ഒരുവനു് ആവശ്യമുണ്ടു്. മഹാനായ അഗസ്റ്റിൻ പറയുന്നതുപോലെ 'ഞാൻ എന്നെയും നിന്നെയും അറിയട്ടെ'—എന്ന വിനീതമനസ്ഥിതിയും ദൈവാഹ്വാനം പിൻചെല്ലുവാനുള്ള സൗമനസ്യവും ഒരു വ്യക്തിക്കുവേണം. T. S. എലിയററിന്റെ സ്വീനി (Sweeney) പറയുന്നു: 'ജനിക്കലും രമിക്കലും മരിക്കലും' മാത്രമല്ല ജീവിതം. ഒരു ദൗത്യനിർവ്വഹണത്തിനുള്ളതത്രേ അതു് അതു നിർവ്വഹിച്ചില്ലെങ്കിൽ ജീവിതം ശുഷ്ക്കമാണു്, ശൂന്യമാണു്, അസംതൃപ്തമാണു്.

അങ്ങിനെയെങ്കിൽ ജീവിതം അർത്ഥപൂർണ്ണമാക്കാനുള്ള തീരുമാനം ഞാൻതന്നെയാണെടുക്കേണ്ടതു്. എന്നിലെ 'എന്നെ' ഞാൻ കണ്ടുപിടിക്കണം. ആ കണ്ടുപിടുത്തത്തിനുള്ള അന്വേഷണം, ഞാൻ തന്നെ ആരംഭിക്കണം, ഞാൻ തന്നെ അവസാനിപ്പിക്കയും ചെയ്യണം. മൂന്നു രാജാക്കന്മാരേപ്പോലെ ഞാൻ വീടും നാടും ബന്ധുക്കളെയും വിട്ടിറങ്ങണം, അന്വേഷിക്കണം. എലിയററ് പറയുന്നതുപോലെ "ഞാനിതു് വീണ്ടും ആവർത്തിക്കണം അവരുടെ യാത്ര ഞാനിറങ്ങണം....ഈ ഇറക്കം മരണത്തിലേയ്ക്കോ ജനനത്തിലേയ്ക്കോ....ജനനത്തിലേയ്ക്കുതന്നെ....പക്ഷേ മരണത്തെപ്പോലെ, നമ്മുടെ മരണത്തേപ്പോലെ, കടുത്തതും ഭീകരവുമായ വേദന നമുക്കുളവാക്കുന്ന ജനനത്തിലേയ്ക്കു്" (Journey of the magi)

KENDRAM
15779

# ദൈവവിളിയും

# ജീവിതദൗത്യവും

by

ജെ. ചിറയിൽ M. A.

262.16
CHI

Indic Digital Archive Foundation
gpura.org